# KANNUR UNIVERSITY

# MINUTES OF THE MEETING OF THE SENATE

**DATE: 8th SEPTEMBER 2021 (WEDNESDAY)**
**TIME: 10.00 AM**
**VENUE: ONLINE MEETING**

**MEMBERS PRESENT**:

1. Prof. Gopinath Ravindran (Vice-Chancellor)
2. Prof. Sabu A (Pro-Vice-Chancellor)
3. Dr. A. Ashokan
4. Dr.T.P. Ashraf
5. Dr. P.P. Jayakumar
6. Dr. K.T. Chandramohanan
7. Adv. P. Sandosh kumar
8. Sri. Pramod Kumar K.V
9. Prof.(Dr). Prasadan P.K
10. Sri. M.C. Raju
11. Prof.(Dr).K.Sreejith
12. Prof.P.Mahesh Kumar
13. Prof.V.Lissy Mathew
14. Dr. Rakhi Raghavan
15. Smt. M. Sreelekha
16. Dr. Johny Jose
17. Dr. M. Sini
18. Dr. Joby K Jose
19. Sri. K.V. Unnikrishnan
20. Dr. Manjula K.V.
21. Dr. Vijayan K
22. Sri. Jayakrishnan T.V.
23. Sri. Ismail Olayikkara
24. Sri. Shanavas S.M.
25. Dr. Swarupa R
26. Smt. Latha E.S.
27. Dr. R.K. Biju
28. Smt. Sona P
29. Sri. Vijayakumar V
30. Dr. Suresh Kumar K.S.

31. Sri. Saju .P.J
32. Sri. Satheesan P.K
33. Sri. M.P.A. Rahim
34. Adv. P. Appukuttan
35. Sri. Sethumadhavan K
36. Adv. M.K Hassan, Chairman, University Union

Also present: Sri.E.V.P Mohammed, Registrar

5.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

The meeting thereafter considered the items on the agenda.

## I. Questions asked by the Members of the Senate and answers thereto by the Syndicate

Q.No. 1

Dr. SWARUPA R

പുതിയ സിലബസ് പ്രകാരം വാണിജ്യ വിഷയങ്ങൾക്ക് കൂടുതൽ പ്രായോഗിക പരിജ്ഞാനം വ്യവസായശാലകളുമായും മറ്റ് കച്ചവട സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് നൽകേണ്ടതുണ്ട്. എങ്കിൽ മാത്രമേ Outcome Based Education പൂർണ്ണരൂപത്തിൽ നടപ്പിലാകുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല ഏതെങ്കിലും വ്യവസായശാലകളുമായോ കച്ചവട സ്ഥാപനങ്ങളുമായോ MoU ഒപ്പിടുകയോ അനുബന്ധ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരങ്ങൾ എന്താണ്?.

ഉത്തരം : Sri. Pramod Kumar K.V - ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല North Malabar Chamber of Commerce മായി 08/01/2021 ന് ഒരു MoU ഒപ്പിട്ടിട്ടുണ്ട്. ഈ MoU പ്രകാരം കണ്ണൂർ സർവ്വകലാശാലയും North Malabar Chamber of Commerceഉം സഹകരിച്ച് സർവ്വകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം നൽകാൻ വേണ്ട പരിപാടികൾ സംഘടിപ്പിക്കാനും വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാൻ വേണ്ട പരിശീലനം നൽകാനും ധാരണയുണ്ട്.

Q.No. 2

Adv. P. APPUKKUTTAN

യൂണിവേഴ്സിറ്റി ലൈബ്രറിയിലെ പുസ്തകങ്ങൾ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾക്കുകൂടി ലഭ്യമാക്കുന്ന വിധത്തിൽ യൂണിവേഴ്സിറ്റി ലൈബ്രറി ഡിജിറ്റലൈസ് ചെയ്യാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം : Dr. T.P. Ashraf - കണ്ണൂർ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിയിൽ അംഗത്വം എടുത്തിട്ടുള്ളവർക്ക് ഉപയോഗ യോഗ്യമായ രീതിയിൽ യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറി ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

179040 ഇ ബുക്കുകളും, 25000 ഓളം ഇ ജേർണലുകളും ലൈബ്രറി വെബ്സൈറ്റിൽ (24x7) യൂസർ നെയിം, പാസ് വേർഡ് വ്യവസ്ഥയിൽ ലഭ്യമാണ്. കൂടാതെ ലൈബ്രറിയിലെ മുഴുവൻ ശേഖരങ്ങളുടെയും (പുസ്തകങ്ങൾ, ജേർണലുകൾ, മാഗസിനുകൾ) വിവരസൂചിക "libopac.kannuruniversity.ac.in" എന്ന ലിങ്കിൽ ലഭ്യമാണ്.ബിരുദമുള്ള ആർക്കും, കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറിയിൽ അംഗത്വം എടുക്കാവുന്നതാണ്. ബന്ധപ്പെട്ട അപേക്ഷാഫോം ലൈബ്രറി വെബ്സൈറ്റിൽ www.hgcl.kannuruniversity.ac.in നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിലെ അംഗങ്ങൾ സെൻട്രൽ ലൈബ്രറിയിൽ അംഗത്വം എടുക്കുകയാണെങ്കിൽ അവർക്കും ഈ സൗകര്യം എല്ലാം ഉപയോഗിക്കാവുന്നതാണ്.

ഇതല്ലാതെ ലൈബ്രറി പുസ്തകങ്ങൾ മുഴുവൻ ഡിജിറ്റൈസ് ചെയ്ത് മറ്റു ലൈബ്രറികൾക്ക് ലഭ്യമാക്കാൻ നിലവിൽ പ്രായോഗികമായി സാധ്യമല്ല. പ്രസ്തുത കാര്യം ഭാവിയിൽ ആലോചിക്കാവുന്നതാണ്.

Q.No. 3

Adv. P. APPUKKUTTAN

സർവ്വകലാശാലയുടെ സിണ്ടിക്കേറ്റിന്റെ പ്രവർത്തനത്തിന് പ്രതിവർഷം എത്ര തുക ചെലവാക്കുന്നു? സിണ്ടിക്കേറ്റ് മെമ്പർമാരുടെ സേവനത്തിന് നൽകുന്ന പ്രതിഫലമുൾപ്പെടെ ഓരോ സിണ്ടിക്കേറ്റ് അംഗങ്ങൾക്കും വേണ്ടി ചെലവഴിച്ച തുക വെളിപ്പെടുത്താമോ?

ഉത്തരം : Dr. T.P. Ashraf - മേൽ സൂചന പ്രകാരം, പ്രത്യേക കാലയളവ് സൂചിപ്പിക്കാത്തതിനാൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ബില്ല് സമർപ്പിച്ച സിൻഡിക്കേറ്റ് അംഗങ്ങൾക്ക് TA/DA ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർക്കുന്നു. കോവിഡ് വ്യാപനത്തെ തുടരന്ന് 2020 മാർച്ച് മുതൽ അധികവും ഓൺലൈൻ മീറ്റിംഗുകളായതിനാൽ Sitting Fee/DA ഇനത്തിൽ മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്.

| Sl.No | NAME | 2019-20 | 2020-21 |
|---|---|---|---|
| 1 | Dr. JOHN JOSEPH | 103829 | 25053 |
| 2 | Dr.ASHRAF TP | 61798 | 67880 |
| 3 | Dr.WILSON VA | 128950 | 63008 |
| 4 | Sri.RAJU MC | 122136 | 105450 |
| 5 | Dr.OMANA PANKAN | 148550 | 92926 |
| 6 | Sri.NISANTH A | 114818 | 33352 |
| 7 | Dr.AJAYAKUMAR K | 78940 | 21400 |
| 8 | Dr.V P P MUSTAFA | 73161 | 162706 |

| | | | |
|---|---|---|---|
| 9 | Sri.BIJU KANDAKKAI | 27756 | 38109 |
| 10 | Dr.BALAKRISHNAN K | 18242 | 0 |
| 11 | Dr.G RAJU | 3334 | 0 |
| 12 | Smt.BEENA SADASIVAN | | 40069 |
| 13 | Adv.P SANDOSH KUMAR | | 3600 |
| 14 | Sri.PRAMOD KUMAR KV | | 34467 |
| 15 | Dr.RAKHI RAGHAVAN | | 18860 |
| 16 | Dr.CHANDRAMOHAN KT | | 25896 |
| | **TOTAL** | **881514** | **732776** |

Q.No. 4

Sri. JAYAKRISHNAN T.V

കണ്ണൂർ സർവ്വകലാശാല സെനറ്റിൽ വിവിധ മണ്ഡലങ്ങളിൽ നിന്നുള്ള അംഗങ്ങളുടെ പ്രാതിനിധ്യത്തിൽ മാറ്റങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ട് നിലവിലുള്ള സെനറ്റിന്റെ ആദ്യ യോഗത്തിൽ പ്രമേയങ്ങൾ പാസാക്കിയിരുന്നു. സർവ്വകലാശാല നിലവിൽ വന്ന കാലത്തേതിൽ നിന്നും സർക്കാർ കോളേജുകളുടെ എണ്ണവും അധ്യാപകരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽ നിന്നും സെനറ്റിലേക്കുള്ള പ്രാതിനിധ്യം ആനുപാതികമായി ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം : Adv. P. Sandosh Kumar - കണ്ണൂർ സർവ്വകലാശാല സെനറ്റിൽ വിവിധ മണ്ഡലങ്ങളിൽ നിന്നുള്ള അംഗങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊളള ഒരു പ്രമേയം (നം. 19) 30/01/2020 നു ചേർന്ന സെനറ്റ് യോഗം പാസാക്കിയിരുന്നു. പ്രസ്തുത പ്രമേയം 08/06/2020 നു ചേർന്ന സിൻഡിക്കേറ്റ് യോഗത്തിലെ 2020.219 നമ്പർ തീരുമാന പ്രകാരം വിഷയം വിശദമായി പഠിക്കുന്നതിന് വേണ്ടി സിൻഡിക്കേറ്റിന്റെ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 15/09/2020 നു ചേർന്ന സിൻഡിക്കേറ്റ് യോഗം 2020.412 നമ്പർ തീരുമാനമനുസരിച്ച് മേൽ പ്രമേയത്തിൽ അനുകൂല നടപടികൾ സ്വീകരിക്കാൻ സർക്കാരിലേക്ക് എഴുതാനും തീരുമാനിച്ചു. ഇതനുസരിച്ച് പി.എൽ.ഡി/എ1/സെനറ്റ് മീറ്റിങ്ങ്/2020 തീയ്യതി 01/10/2020 എന്ന നമ്പറിൽ ഒരു കത്ത് സർക്കാരിലേക്ക് അയക്കുകയുായി. പ്രസ്തുത കത്തിന് ഇതുവരെ സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

Q.No. 5

Dr. MANJULA K.V

കോവിഡാനന്തര സാഹചര്യത്തിൽ അധ്യാപകർക്ക് ഓൺലൈൻ ക്ലാസ് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് (Blended learning) കോഴ്സുകൾ നൽകാൻ യൂണിവേഴ്സിറ്റി ആസൂത്രണം ചെയ്യുന്നുണ്ടോ?

ഉത്തരം : Dr. Rakhi Raghavan - ഇതുമായിബന്ധപ്പെട്ട് യൂനിവേഴ്സിറ്റി അദ്ധ്യാപകർക്ക് ഐ ടി വിഭാഗം ട്രെയിനിങ്ങ് നല്കിയിട്ടുണ്ട്. അഫിലിയേറ്റഡ്

കോളേജിലെ അദ്ധ്യാപകർക്ക് പരീശിലനം നല്കുന്ന കാര്യം ആലോചനയിലാണ്.

Q.No. 6

Smt. SONA P

NAAC അംഗീകാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി അക്കാദമിക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഈ പ്രവർത്തനങ്ങളുമായി അഫിലിയേറ്റഡ് കോളേജുകളെ ബന്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം : Dr. Prasadan P.K - അക്കാദമിക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സിലബസ്സ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കരിക്കുലം സിലബസ്സ് മോണിറ്ററിംഗ് കമ്മറ്റി രൂപികരിക്കുകയും ബിരുദ പ്രോഗ്രാമുകളുടെ സിലബസ്സ് Choice and credit Semester System (Outcome Based Education) അടിസ്ഥാനത്തിൽ 2019 ൽ പരിഷ്ക്കരിച്ചിട്ടുള്ള സർവ്വകലാശാല പഠന വകുപ്പുകളിലെ കോഴ്സുകളുടെ സിലബസ്സ് 2020 ൽ പരിഷ്ക്കരിച്ചിട്ടുണ്ട്.. അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്ക്കരണ വേളയിലാണ്. സിലബസ് പരിഷ്ക്കരണത്തിനായി ബന്ധപ്പെട്ട വിഷയങ്ങളുടെ വകുപ്പ് തലവൻമാരെയും, അവരോടൊപ്പം പ്ലസ്ടു അധ്യാപകരെയും വിഷയ വിദഗ്ദരെയും ഉൾപ്പെടുത്തി ശില്പശാലകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2020 ൽ ഗവ/എയ്ഡഡ് കോളേജുകളിലും, സർവ്വകലാശാലാ പഠന വകുപ്പുകളിലും പുതുതലമുറ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.. അക്കാദമിക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അക്കാദമിക്ക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും പുനസംഘടിപ്പിക്കുകയും ചെയ്തു.

Q.No. 7

Dr. VIJAYAN. K

30.01.2020 ൽ കൂടിയ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ സെനറ്റ് യോഗത്തിൽ അംഗീകരിച്ച പ്രമേയം നമ്പർ 36 പരീക്ഷാ മൂല്യനിർണയത്തിനുള്ള പ്രതിഫലത്തുക ക്യാമ്പ് അവസാനിക്കുന്ന ദിവസം നൽകുവാൻ തീരുമാനിച്ചിരുന്നു. ഈ പ്രമേയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം : Dr. K.T. Chandramohanan - 30.01.2020 ലെ സെനറ്റ് യോഗത്തിലെ 36 നമ്പർ പ്രമേയം നടപ്പിലാക്കുന്നതിൽ വന്നു ചേരുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനായി ഓരോ വിഷയത്തിനും വെവ്വേറെ തീയ്യതികൾ നിശ്ചയിച്ച്, ആ വിഷയത്തിന്റെ ചെയർമാൻ അന്നേ ദിവസം ബില്ലുകളും അനുബന്ധ രേഖകളും കുറ്റമറ്റ രീതിയിൽ സമർപ്പിക്കുകയാണെങ്കിൽ ആ ദിവസം തന്നെ വേതന വിതരണ നടപടികൾ പൂർത്തിയാക്കാമെന്ന നിർദ്ദേശം വൈസ് ചാൻസിലർ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ പരീക്ഷാഫലം പെട്ടെന്ന് പ്രഖ്യാപിക്കേണ്ട സാഹചര്യമായതിനാൽ റെമ്യൂണറേഷൻ ബില്ലുകൾ പാസ്സാക്കി നൽകേണ്ടുന്ന സെക്ഷൻ ഓഫീസർക്ക് ക്യാമ്പ് ഓഫീസർ ചുമതലകൂടി ഉള്ളതിനാൽ ഇത് പൂർണ്ണമായും നടപ്പിലാക്കാൻ പ്രയാസം നേരിടുന്നു.

Q.No. 8

Sri SAJU P.J

സർവ്വകലാശാലയിലെ ക്യാമ്പസുകളിൽ ഹെൽത്ത് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രമേയം നേരത്തെ കഴിഞ്ഞ സെനറ്റ് യോഗം പാസ്സാക്കുകയും തുടർന്ന് നടന്ന സിൻഡിക്കേറ്റ് യോഗം അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെയും ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സർവ്വകലാശാലക്ക് കഴിഞ്ഞിട്ടില്ല. നാക് ടീം ഇൻസ്പെക്ഷനു വേണ്ടി സർവ്വകലാശാലയിൽ വരാനിരിക്കേ, ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം : Prof. P. Mahesh Kumar - 11/06/2021 ലെ 2021.328 നമ്പർ സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ച് സർവ്വകലാശാല ക്യാമ്പസുകളിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡെവലപ്പ്മെന്റ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ, 13/07/2021 ലെ 2021.421 സിൻഡിക്കേറ്റ് തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി, സർവ്വകലാശാല ആസ്ഥാന കാര്യാലയത്തിലും രണ്ടിൽ കൂടുതൽ പഠന വകുപ്പുകൾ ഉള്ള ക്യാമ്പസുകളിലും ഒരു ഡോക്ടർ, ഒരു നഴ്സ് എന്നിവരുടെ സേവനത്തോടുകൂടിയ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനും ക്യാമ്പസുകളിലെ ഹെൽത്ത് സെന്ററുകളിൽ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിന് ക്യാമ്പസ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നതിനും അനുമതി നൽകി വൈസ് ചാൻസിലർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

Q.No. 9

Smt. SONA P

സ്വാശ്രയ കോളേജ് അധ്യാപകരുടെ ശമ്പള സുരക്ഷിതത്വം ഉറപ്പുവരുത്താൻ യൂണിവേഴ്സിറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളത്?

ഉത്തരം : Adv. P. Sandosh Kumar - സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സർവീസ് വിഷയങ്ങളും മറ്റ് പരാതികളും പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനായി സർവ്വകലാശാല സിൻഡിക്കേറ്റിന്റെ സെൽഫ് ഫിനാൻസിങ് കോളേജ് മോണിറ്ററിംങ് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. 2021 ലെ കേരള സ്വാശ്രയകോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) ഓർഡിനൻസ് പ്രകാരമുള്ള നിയമങ്ങൾ /നിർദ്ദേശങ്ങളുടെ കരട് സർക്കുലർ അപ്പ്രൂവലിന് ശേഷം നടപ്പിലാക്കുന്നതിനായി എല്ലാ സ്വാശ്രയ കോളേജുകളിലേക്കും ഉടൻ തന്നെ അറിയിപ്പ് നൽകുന്നതാണ്.

Q.No. 10

Sri. VIJAYAKUMAR V

2020 ൽ പ്രവേശനം ലഭിച്ച ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾ അതിതീവ്രമായ മാനസിക സംഘർഷത്തിലൂടെ കടന്നുപോയി മൂന്നാം സെമസ്റ്ററിൽ എത്തിയിരിക്കുകയാണ്. യു.ജി.സി. യുടെ പരീക്ഷകളെ സംബന്ധിച്ചുള്ള ഏറ്റവും പുതിയ ഉത്തരവ് പ്രകാരം ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകൾ ഒഴിവാക്കണമെന്നാണ്. ഇത് പ്രകാരം നമ്മുടെ സർവ്വകലാശാല ഈ വിദ്യാർത്ഥികളുടെ പരീക്ഷകളുടെ കാര്യത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടത്? വിശദമാക്കുക?

ഉത്തരം : Dr. K.T. Chandramohanan - യു ജി സി ഗൈഡ് ലൈൻ നിലവിൽ ഉണ്ടെങ്കിലും അതാത് സംസ്ഥാനങ്ങളിലെ കോവിഡ് സാഹചര്യം പരിഗണിച്ചുകൊണ്ട് സംസ്ഥാനങ്ങൾക്ക് തീരുമാനക്കാം എന്ന് യു ജി സി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ 25..5.2021 ന് ബഹു ഉന്നത വിദ്യാഭ്യാസ മന്ത്രി സർവ്വകലാശാല വൈസ് ചാൻസിലർമാരുമായി നടത്തിയ യോഗത്തിൽ 1, 3, 5, സെമസ്റ്റർ പരീക്ഷകൾ കഴിവതും ഫിസിക്കൽ ആയി തന്നെ നടത്താൻ ധാരണയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും അക്കാദമിക താല്പര്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടും പ്രസ്തുത പരീക്ഷകൾ കോവിഡ് പ്രേട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തുവാനുള്ള ശ്രമങ്ങളുമായാണ് സർവ്വകലാശാല മുന്നോട്ട് പോകുന്നത്. സപ്തംബർ മാസത്തിൽ ഈ പരീക്ഷകൾ ഷെഡ്യുൾ ചെയ്തിട്ടുണ്ട്.

Q.No. 11

Dr. SURESHUMAR K.S

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കിയ വിവരാവകാശ നിയമത്തിന്റെ പരിരക്ഷ ഏതെല്ലാം മേഖലകളിലാണ് വിദ്യാർത്ഥികൾക്ക് ലഭ്യമായിട്ടുള്ളത്? പ്രസ്തുത വിവരാവകാശ നിയമത്തിന്റെ വിശദാംശങ്ങൾ ഏതൊക്കെയാണ്?

ഉത്തരം : Prof. V Lissy Mathew - വിവരാവകാശ നിയമം 2005, അതേപടി സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടുള്ളതാണ്. ഈ നിയമത്തിൽ അനുശാസിക്കുന്ന വിധം പൗരന്മാർക്ക് ലഭ്യമാവുന്ന എല്ലാ വിവരങ്ങളും പരിരക്ഷയും വിദ്യാർത്ഥികൾക്കും ലഭ്യമാണ്. വിവരാവകാശ നിയമത്തിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

Q.No. 12

Sri. SHANAVAS S M

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ Research guideship ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

ഉത്തരം : Prof.(Dr.) K.Sreejith - അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ഗവേഷണത്തിൽ ഡോക്ടറേറ്റ്.

1. അസിസ്റ്റന്റ് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ ആണെങ്കിൽ കുറഞ്ഞത് രണ്ട് റിസർച്ച് പബ്ലിക്കേഷനുകളും (യൂജിസിയോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ചത്), പ്രൊഫസർ ആണെങ്കിൽ കുറഞ്ഞത് അഞ്ച് റിസർച്ച് പബ്ലിക്കേഷനുകളും (യൂജിസിയോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ചത്).

2. റിസർച്ച് പബ്ലിക്കേഷൻ 14/06/2019 ന് മുമ്പാണെങ്കിൽ റെഫെറീഡ് ജേർണലിൽ ഉള്ളത് ആയാൽ മതി, അതേസമയം 14/06/2019 ന് ശേഷം ആണെങ്കിൽ യൂജിസി അംഗീകരിച്ച ജേർണലിൽ തന്നെ വേണം എന്നും ഗൈഡ്ഷിപ് ആപ്ലിക്കേഷൻ ഫോം നവീകരിച്ച വേളയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ബാക്കി എല്ലാ അനുബന്ധവിവരങ്ങളും ഗൈഡ്ഷിപ്പ് ആപ്ലിക്കേഷൻഫോമിന്റെ കൂടെയുള്ള ഗൈഡ്ലൈൻസ്/ഇൻസ്ട്രക്ഷനിൽ പറയുന്നുണ്ട്.

5.02 എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് സർവ്വകലാശാല പഠന വകുപ്പിൽ ഗൈഡ്ഷിപ്പ് നൽകാത്തതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് കൗൺസിൽ നല്കിയ മെമ്മോറാണ്ടത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന ഡോ. ആർ.കെ. ബിജു വിന്റെ ഉപചോദ്യത്തിനുത്തരമായി അത്തരമൊരു കാര്യം സിൻഡിക്കേറ്റിന്റെ പരിഗണനയിൽ വന്നിട്ടില്ലെന്നും പ്രസ്തുത വിഷയം പരിശോധിച്ച് പറയാമെന്നും സിൻഡിക്കേറ്റ് മെമ്പർമാരായ ഡോ. ശ്രീജിത്ത്.കെ, ഡോ. പ്രസാദൻ പി.കെ എന്നിവർ അഭിപ്രായപ്പെട്ടു.

Q.No. 13

<u>Sri SAJU P.J</u>

സർവ്വകലാശാലയിൽ ആരംഭിച്ച സ്റ്റുഡന്റ് അമിനിറ്റി സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനു വേണ്ട ക്രിയാത്മകമായ തീരുമാനങ്ങളോ നിർദ്ദേശങ്ങളോ സർവ്വകലാശാലയുടെ പരിഗണനയിൽ ഉണ്ടോ? വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും (ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഒഴികെ) മറ്റു രേഖകളും സ്റ്റുഡന്റ് അമിനിറ്റി സെന്റർ വഴി വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u> : <u>Dr. Rakhi Raghavan</u> - വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്ന ഉദ്ദേശത്തോട് കൂടിയാണ് സ്റ്റുഡന്റ് അമിനിറ്റി സെന്ററിൽ അന്വേഷണ വിഭാഗം ആരംഭിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന വിവരങ്ങളും മെച്ചപ്പെട്ട സേവനങ്ങളും നൽകുന്നതിനായി പ്രത്യേകസോഫ്റ്റവെയർ ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ പൂർത്തി ആകുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നതാണ്.

Q.No. 14

<u>Dr. SURESHUMAR K.S</u>

സ്വാശ്രയ കോളേജിൽ പഠിപ്പിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് അവരുടെ സേവന കാലയളവിലെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് യൂണിവേഴ്സിറ്റി കൗണ്ടർ സൈൻ ചെയ്തു നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അത് സാധിക്കാത്തത്? യൂണിവേഴ്സിറ്റിക്ക് കീഴിൽ അധ്യാപനവും പരീക്ഷാ ജോലികളും നിർവ്വഹിക്കുന്ന അധ്യാപകർക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകേണ്ടതല്ലേ?

<u>ഉത്തരം</u> : <u>Dr. T.P. Ashraf</u> - സ്വാശ്രയ കോളേജിൽ പഠിപ്പിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് അവരുടെ സേവന കാലയളവിലെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് യൂണിവേഴിസിറ്റി കൗണ്ടർസൈൻ ചെയ്തു നൽകാനുള്ള

നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടില്ല. സ്വാശ്രയ കോളേജിലെ അധ്യാപകരെ നിയമിക്കുന്നത് അതാത് കോളേജ് മാനേജ്മെന്റ് ആണ്. മാനേജ്മെന്റ് നിയമിച്ച അധ്യാപകരുടെ പ്രൊഫൈൽ അംഗീകരിച്ചു നൽകുക എന്നതാണ് യൂണിവേഴ്സിറ്റി ചെയ്തു വരുന്നത്. കൂടാതെ സ്വാശ്രയ കോളേജ് ജീവനക്കാരുടെ സർവീസ് ബുക്ക് യൂണിവേഴ്സിറ്റിയിൽ സൂക്ഷിക്കുന്നില്ല.

Q.No. 15

<u>Sri. SATHEESAN P.K</u>

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ പരീക്ഷാ വേതനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സെനറ്റ് യോഗത്തിൽ ചോദ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പരീക്ഷാ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് സിൻഡിക്കേറ്റ് ഉപസമിതി പരിശോധിച്ച് തീരുമാനം ഉണ്ടാക്കുമെന്നാണ് മറുപടി ലഭിച്ചത്. ആയത് പരിശോധിച്ച് തീരുമാനം ഉണ്ടായിട്ടുണ്ടോ? വർദ്ധനവ് എപ്പോൾ നടപ്പിലാക്കും?

<u>ഉത്തരം</u> : <u>Dr. P.P. Jayakumar</u> - അനധ്യാപക ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി തുടർനടപടികൾ ആരംഭിച്ചു. കരട് പ്രൊപ്പൊസൽ തയ്യാറാക്കിയിട്ടുണ്ട്.

Q.No. 16

<u>Sri. VIJAYAKUMAR V</u>

അഫിലിയേറ്റഡ് കോളേജുകളിൽ HoD ship - rotation നടത്തുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായതായി അറിഞ്ഞു. പ്രസ്തുത തീരുമാനത്തിന്റെ തീയ്യതിയും നമ്പറും നൽകുക?. എന്തുകൊണ്ടാണ് സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാനം മാസങ്ങൾ കഴിഞ്ഞിട്ടും നടപ്പിലാക്കാത്തത്? കാരണം വിശദമാക്കുക? ഈ തീരുമാനം നമ്മുടെ സർവ്വകലാശാലയിൽ നടപ്പിൽ വരുത്താൻ സാധ്യതയുണ്ടോ?

<u>ഉത്തരം</u> : <u>Sri. Pramod Kumar K.V</u> - 09/03/2021 ലെ സിൻഡിക്കേറ്റ് തീരുമാനം നം. 2021.227 പ്രകാരം Standing Committee on Staff of Affiliated Colleges കൺവീനർ ശ്രീ. പ്രമോദ് കുമാർ കെ.വി യെ ഹെഡ്ഷിപ് സംബന്ധിച്ച് മാനദണ്ഡങ്ങൾ തയ്യാറാക്കാനായി 26/03/2021 തീയ്യതിയിലെ കത്ത് പ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി. ഈ വിഷയവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ ചർച്ച നടന്നു വരികായാണ്.

Q.No. 17

<u>Dr. R K BIJU</u>

സർവ്വകലാശാലയിൽ പിഎച്ച്ഡി രജിസ്ട്രേഷൻ ക്യാൻസൽ ആയ റിസർച്ച് സ്കോളർക്ക് വീണ്ടും മറ്റൊരു റിസർച്ച് ഗൈഡിന്റെ കീഴിൽ പിഎച്ച്ഡിക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിക്കുമോ? മേൽപറഞ്ഞ രീതിയിൽ ഇതുവരെ ആരെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u> : <u>Prof.(Dr.) K Sreejith</u> - സർവ്വകലാശാലയിൽ പി.എച്ച്.ഡി. രജിസ്ട്രേഷൻ ക്യാൻസൽ ആയ റിസർച്ച് സ്കോളേഴ്സിന് വീണ്ടും മറ്റൊരു

റിസർച് ഗൈഡിന്റെ കീഴിൽ പി.എച്ച്.ഡി. രജിസ്ട്രേഷൻ അനുവദിക്കപ്പെട്ടുണ്ട്. ടി പ്രകാരം വീണ്ടും രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളതും, ഡിആർസി ശുപാർശ ചെയ്തിട്ടുള്ളതുമായ ഗവേഷക വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നം | പേര് | വിഷയം | പുതിയ ഗൈഡ്/ റിസർച് സെന്റർ | പഴയ ഗൈഡ്/ റിസർച് സെന്റർ |
|---|---|---|---|---|
| 1. | ശ്രീമതി. ബിജില പി. (രജിസ്ട്രേഷൻ അനുവദിച്ചതി) | മലയാളം | ഡോ. ലിജി.എൻ, മലയാള വിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി | ഡോ. പി.ജി. പദ്മിനി, മലയാള വിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി |
| 2. | ശ്രീമതി. അനോജ കെ.എസ്. (DRC ശുപാർശ ചെയ്തത്) | സുവോളജി | ഡോ. സുപ്രിയ എൻ.ടി, സുവോളജി വിഭാഗം, മാനന്തവാടി ക്യാമ്പസ് | ഡോ. പി.കെ. പ്രസാദൻ, മേരി മാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി |

5.03 വിദ്യാർത്ഥിയുടേയോ, ഗൈഡിന്റേയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് മാത്രമാണ് ഇത്തരം കാര്യങ്ങളിൽ അനുമതി നൽകാറുള്ളതെന്ന് ഡോ. ആർ.കെ. ബിജു വിന്റെ ഉപചോദ്യത്തിനുത്തരമായി സിൻഡിക്കേറ്റ് മെമ്പർ ഡോ. ശ്രീജിത്ത്.കെ പറഞ്ഞു.

Q.No. 18

Sri. SHANAVAS S M

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ റിസർച്ച് സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

ഉത്തരം : Sri. M.C. Raju

1. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ/എയ്ഡഡ് കോളേജുകളിലെ ബിരുദാനന്തര കോഴ്സുകൾ ഉള്ള പഠന വകുപ്പുകൾക്ക് മാത്രമാണ് റിസർച് സെന്റർ പദവി അനുവദിക്കുക.
2. കണ്ണൂർ യൂണിവേഴ്സിറ്റി അംഗീകരിച്ച/അംഗീകാരം ലഭിക്കുന്നതിന് അർഹതയുള്ള ചുരുങ്ങിയ 2 അദ്ധ്യാപകർ പഠന വകുപ്പിൽ ഉണ്ടായിരിക്കണം.
3. കൂടാതെ റിസർച്ച് സെന്റർ അനുവദിക്കുന്നതിനുള്ള കണ്ണൂർ സർവ്വകലാശാലയുടെ ഗൈഡ്ലൈൻസിലുള്ള വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതുമാണ്.

Q.No. 19

Sri .SAJU P.J

സർവ്വകലാശാലയിലെ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് ഭേദഗതിക്ക് ചാൻസിലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാല എന്തെങ്കിലും follow up action എടുത്തിട്ടുണ്ടോ?

<u>ഉത്തരം</u> : <u>Dr. T.P. Ashraf</u> - കണ്ണൂർ സർവ്വകലാശാലയിലെ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ് 1999 ഭേദഗതി ചെയ്യുന്നതിനായി 24/03/2020 ലെ പി.എൽ.ഡി/എ2/22684/2019 നമ്പർ കത്ത് പ്രകാരം രജിസ്ട്രാറുടെയും 25/09/2020 ലെ പി.എൽ.ഡി/എ2/22684/2019 നമ്പർ കത്ത് പ്രകാരം ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നീ തസ്തികകളുടെയും പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട ചാൻസിലറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതികൾക്ക് ചാൻസിലർ ഇതുവരെയായി അനുമതി നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 03/12/2020നും 03/06/2021നും ചാൻസിലറുടെ കാര്യാലയത്തിലേക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്.

Q.No. 20

<u>Smt. LATHA E.S</u>

Have the bills of the teachers who have taken up valuation duty at various camps been settled? If so, till which date?

<u>ഉത്തരം</u> : <u>Dr. K.T. Chandramohanan</u> - The process of distributing remuneration for evalution of answer scripts on defect-free bills received in EAC II section up to 02.07.2021 has been completed.

5.04 ബില്ലുകളുമായി ബന്ധപ്പെട്ട Objections ബന്ധപ്പെട്ട അദ്ധ്യാപകരെ അറിയിക്കാറുണ്ടോ എന്ന ശ്രീമതി. ലത.ഇ.എസ് ന്റെ ഉപചോദ്യത്തിനുത്തരമായി ഈ കാര്യങ്ങൾ ചെയർമാൻ മുഖേന അറിയിക്കാറുണ്ടെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ചന്ദ്രമോഹനൻ കെ.ടി പറഞ്ഞു.

Q.No. 21

<u>Dr. R K BIJU</u>

2018 ജനുവരി ഒന്നു മുതൽ ഇന്നേ ദിവസം വരെ ഊരാളുങ്കൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (ULCCS) നൽകിയിരുന്ന മരാമത്ത് പ്രവർത്തികൾ ഇനം തിരിച്ചും ഓരോ പ്രവർത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ് എന്നും അവയ്ക്ക് നൽകിയിരിക്കുന്ന മൊബിലൈസേഷൻ അഡ്വാൻസ് എത്രയാണ് എന്നും അറിയുവാൻ ആഗ്രഹിക്കുന്നു. കൂടാതെ അഡ്വാൻസ് നൽകിയിരിക്കുന്നതിൽ ഏതൊക്കെ പ്രവർത്തികൾ ഇനി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്?

<u>ഉത്തരം</u> : <u>Dr. A. Ashokan</u>

| സി.നം | 2018 ജനുവരി ഒന്നു മുതൽ ULCCS നു | എസ്റ്റിമേറ്റ് തുക | മൊബിലൈസേഷൻ അഡ്വാൻസ് | സ്റ്റാറ്റസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നല്കിയ മരാമത്ത് പ്രവർത്തികൾ | | | |
| 1 | വെർട്ടിക്കൽ എക്സ്റ്റൻഷൻ സെന്റർ ഓഫ് സ്റ്റുഡൻസ് അമിനിറ്റി സെന്റർ | Rs.2,14,20.635/- | Rs.42,84,127/- | പ്രവർത്തി പൂർത്തിയായി |
| 2 | പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംങ്ങ് വർക്സ് | Rs.13,57,512/- | Rs.2,71,502/- | പ്രവർത്തി പൂർത്തിയായി |
| 3 | മാങ്ങാട്ട് പറമ്പ് ക്യാമ്പസ് നവീകരണം (RUSA) | Rs.54,29,594/- | Rs.27,14,797/- | പ്രവർത്തി പൂർത്തിയായി |
| 4 | ഡ്രയിനേജിനു കവറിംങ്ങ് സ്ലാബുകളുടെ നിർമ്മാണം | Rs.50,93,600/- | Rs.10,18,720/- | പ്രവർത്തി പൂർത്തിയായി |
| 5 | കാസർഗോഡ് ക്യാമ്പസിലെ കാന്റീൻ കെട്ടിട നിർമ്മാണം | Rs.39,81,786/- | Rs.7,96,357/- | പ്രവർത്തി പൂർത്തിയായി |
| 6 | സ്റ്റുഡൻസ് അമിനിറ്റി സെന്ററിലെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഐടി റിലേറ്റഡ് | Rs.3,01,83,478/- | Rs.60,36,695/- | പ്രവർത്തി പൂർത്തിയായി |
| 7 | സ്റ്റുഡൻസ് അമിനിറ്റി സെന്ററിലെ, ഇന്റീരിയർ ഫർണിഷിംങ്ങ്, യാർഡ് ഡവലപ്പ്മെന്റ് പ്രവർത്തികൾ | Rs.1,18,59,694/- | Rs.23,71,939/- | പ്രവർത്തി പൂർത്തിയായില്ല |
| 8 | സ്റ്റുഡൻസ് അമിനിറ്റി സെന്ററിൽ - പമ്പ് ഹൗസ് റെന്നോവേഷൻ, ഫിൽറ്ററിങ് യൂണിറ്റ്, ഡിസ്ടിബ്യൂഷൻ ലൈൻസ് മുതലായവ | Rs.13,70,000/- | - | പ്രവർത്തി പൂർത്തിയായി |
| 9 | മാങ്ങാട്ട് പറമ്പ് ജന്റ്സ് ആൻഡ് | Rs.80,17,351/- | Rs.7,96,000/- | പ്രവർത്തി |

| | | | | |
|---|---|---|---|---|
| | ലേഡീസ് ഹോസ്റ്റൽ മെയ്ന്റനൻസ് (RUSA) | | | പൂർത്തിയായി |
| 10 | സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ, പയ്യന്നൂർ ക്യാമ്പസ് | Rs.1,51,84,801/- | Rs.75,92,400/- | പ്രവർത്തി പൂർത്തിയായിട്ടില്ല. |
| 11 | Construction of seminar complex | Rs.6,04,69,084/- | Rs.2,34,90,446/- | In progress |
| 12 | Car shed roofing and construction of drivers cabin | Rs.55,04,188/- | Rs.20,20,000/- | 30/12/2019 |
| 13 | Beautification of Neelseswaram Campus | Rs.86,34,377/- | Rs.43,17,000/- | 18/07/2020 |
| 14 | Beautification of Thalasseri and Thavakkara Campus | Rs.85,58,315/- | Rs.42,79,000/- | 05/05/2021 |
| 15 | Renovation of Toilets every Campus | Rs.24,76,258/- | Rs.12,38,000/- | 15/12/2018 |
| 16 | Providing Toilets for Persons with Disability in every Campus | Rs.8,97,011/- | Rs.4,48,402/- | 04/08/2019 |
| 17 | Construction of Elevators | Rs.1,69,36,084/- | Rs.84,68,000/- | 15/11/2020 |
| 18 | Renovation of laboratories in various Campuses | Rs.84,00,000/- | Rs.24,00,000/- | 24/05/2021 |
| 19 | Construction of Ramps in various Campuses | Rs.8,57,122/- | Rs.4,28,500/- | 04/01/2019 |
| 20 | Renovation of Vice Chancellors Lobby at Thavakkara Campus | Rs.15,53,000/- | Nil | In Progress |

5.05 ഡോ. ആർ.കെ ബിജു, ശ്രീ. സതീശൻ പി.കെ, ശ്രീ. ഷാനവാസ് എസ്.എം എന്നിവർ ഉന്നയിച്ച, നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ

സൊസൈറ്റിക്ക് 50% ത്തിൽ കൂടുതൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ സർവ്വകലാശാലക്ക് അർഹതയുണ്ടോ എന്ന ഉപചോദ്യത്തിനുത്തരമായി ഊരാളുങ്കൽ സൊസൈറ്റിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും സർവ്വകലാശാലയുടെ സമഗ്ര വികസനം മുൻനിർത്തി നിയമ പ്രകാരമാണ് ചെയ്തതെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ എ.അശോകൻ അഭിപ്രായപ്പെട്ടു.

Q.No. 22

Sri. JAYAKRISHNAN T.V

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഇപ്പോഴത്തെ സിലബസ് 2014 ൽ ആണ് നിലവിൽ വന്നത്. ആയതിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം : Sri. Pramod Kumar K.V - 2019 അവസാനത്തോടെ ആരംഭിച്ച ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ സിലബസ്സ് പരിഷ്ക്കരണ നടപടികൾ, ബോർഡ് ഓഫ് സ്റ്റഡീസ് പുനസംഘടിപ്പിക്കപ്പെട്ടതിന്റെ വെളിച്ചത്തിൽ ആരംഭിക്കുവാൻ 13.08.2021 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

Q.No. 23

Dr. MANJULA K.V

കണ്ണൂർ സർവ്വകലാശാല യു.ജി.സി എച്ച്.ആർ.ഡി.സി യിൽ 2021-22 വർഷത്തെ ഓറിയന്റേഷൻ/റിഫ്രഷർ/ഷോർട്ട് ടേം കോഴ്സുകൾ എന്ന് മുതൽ ആരംഭിക്കും? ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ?

ഉത്തരം : Prof. P. Mahesh Kumar - കണ്ണൂർ യൂണിവേഴ്സിറ്റി UGC-HRDC യിൽ യു ജി സി അനുവദിച്ച 2021-22 വർഷത്തെ വിവിധ പരിശീലന കോഴ്സുകൾ 2021 സെപ്തംബർ 01 മുതൽ തുടങ്ങുന്ന രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഫാക്കൽറ്റി ഇൻഡക്ഷൻ പ്രോഗ്രാം/റിഫ്രഷർ/ ഷോർട് ടേം കോഴ്സുകളുടെ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Q.No. 24

Smt. LATHA E.S

Is there a separate board of examiners for Sociology? Sociology is a subject of study in Arts and Science Colleges but the Sociology papers are reportedly valued by teachers who are in the Social work Department.

ഉത്തരം : Dr. A. Ashokan - Sociology & Social Work comes under the Board of examinations- Sociology. The valuation of Sociology is being done by the teachers of both streams. At present, BA Sociology Core Programme is not offered by University either in Regular mode or under SDE. But certain UG Programmes offered.

5.06 Dr. A.Ashokan added that the University would consider the proposal for a separate board of examiners for Sociology and Social work after considering the academic, administrative and financial aspects.

Q.No. 25

<u>Dr. VIJAYAN K</u>

21.07.2020 ന് ചേർന്ന സെനറ്റ് യോഗത്തിൽ പ്രമേയം 68 ആയി മഞ്ചേശ്വരം ഗവ. കോളേജിൽ കൂടുതൽ കോഴ്സുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന പ്രമേയം പാസാക്കിയിരുന്നു. ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u> : <u>Sri. M.C Raju</u> - 16.02.2021 നു നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത കാര്യം പരിഗണിച്ചിട്ടുണ്ട്. 2020-21 അധ്യയന വർഷത്തിൽ പുതുതലമുറ കോഴ്സിനത്തിൽ ജി പി എം ഗവ:കോളേജിൽ MTTM കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

Q.No. 26

<u>Smt. SONA .P</u>

സെനറ്റ് പാസാക്കുന്ന പ്രമേയങ്ങൾ എത്ര കാലയളവിനുള്ളിൽ സിന്റിക്കേറ്റിന്റെ പരിഗണനയിൽ വരുന്നുണ്ട്? സമയബന്ധിതമായി പരിഗണിക്കപ്പെടുന്നില്ലെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u> : സെനറ്റ് പാസ്സാക്കുന്ന പ്രമേയങ്ങൾ മിക്കതും തുടർന്ന് നടക്കുന്ന സിൻഡിക്കേറ്റ് യോഗങ്ങളിൽ പരിഗണനയ്ക്കായി വരാറുണ്ട്. ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് വേണ്ടി സെനറ്റിന്റെ ഓരോ യോഗം കഴിയുമ്പോഴും സർവ്വകലാശാല സർക്കുലർ പുറപ്പെടുവിക്കാറുണ്ട്. കൂടാതെ 17/11/2020 നു ചേർന്ന സിൻഡിക്കേറ്റ് യോഗം 2020.552 നമ്പറായി ഈ വിഷയം പരിഗണിക്കുകയും ആവശ്യമായ തുടർ നടപടികൾ എടുക്കാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് സെനറ്റ് പാസ്സാക്കിയ പ്രമേയങ്ങൾ എത്രയും പെട്ടെന്ന് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ സർക്കുലർ നം. പി.എൽ.ഡി/എ1/ജനറൽ/2019 തീയ്യതി 24/11/2020 പ്രകാരം ബ്രാഞ്ചുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Q.No. 27

<u>Dr. ISMAIL OLAYIKKARA</u>

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച സ്റ്റുഡന്റ് അമിനിറ്റി സെന്റർ വഴി എന്തെല്ലാം സേവനങ്ങൾ ആണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്? സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>ഉത്തരം</u> : സ്റ്റുഡന്റ് അമിനിറ്റി സെന്ററിൽ വിദ്യാർത്ഥികൾക്കുള്ള സേവനം നൽകുന്നതിന് ഏർപ്പടുത്തിയിട്ടുള്ള ഫ്രണ്ട് ഓഫീസ്/അന്വേഷണ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി വിദ്യാർത്ഥിക്ഷേമ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറുടെ മേൽ നോട്ടത്തിൽ 9 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ്/അന്വേഷണ വിഭാഗത്തിൽ നിന്നും വിദ്യാർത്ഥികൾക്ക് കൂടുതൽ സേവനം നൽകുന്നതിനുള്ള സംവിധാനം നിലവിൽ വരുന്ന മുറക്ക് കൂടുതൽ ഉദ്യോഗസ്ഥരെ അനുവദിക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവ് നൽകിയിട്ടു ണ്ട്.

ഇപ്പോൾ പ്രവർത്തിക്കുന്ന അന്വേഷണ വിഭാഗം (Enquiry Section) വിദ്യാർത്ഥി കൾക്ക് നേരിട്ടും ഫോണിലൂടെയും. ഇ-മെയിലിലിലൂടേയും ആവശ്യമുള്ള സേവന ങ്ങൾ നൽകി വരുന്നു. ഇവിടെ അഞ്ച് കൗണ്ടറുകളിലൂടെ വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും, ഒരു കൗണ്ടറിൽ ഫോൺ കോൾ മാത്രം അറ്റൻഡ് ചെയ്യുകയും ചെയ്യുന്നു. രണ്ട് ജീവനക്കാർ ഇ-മെയിലുകൾക്ക് മറുപടി അയക്കുകയും ചെയ്യുന്നു.

സിംഗിൾ വിൻഡോ സെല്ലുമായി ബന്ധപ്പെട്ട (അക്കാദമിക്ക് വിഭാഗം) UG/PG/other പ്രവേശനം സംബന്ധിച്ച ഫോൺകോളുകളും (സിംഗിൾ വിൻഡോയുടെ മൊബൈൽ ഫോണും, ലാൻഡ് ഫോണും ഉൾപ്പെടെ) എൻക്വയറി വിഭാഗത്തിൽ സ്വീകരിക്കുന്നുണ്ട്..

വിദ്യാർത്ഥികൾ അവർക്ക് ആവശ്യമുള്ളകാര്യങ്ങൾക്ക് വേണ്ടി വന്നാൽ ബന്ധ പ്പെട്ട സെക്ഷനുകളിൽ നിരന്തരം അന്വേഷിക്കുകയും വിവരങ്ങൾ അപ്പപ്പോൾ വിദ്യാർത്ഥികളെ സെക്ഷനിലേക്ക് വിടാതെ തന്നെ അവർക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു.

Q.No. 28

Sri. VIJAYAKUMAR V

2019 ൽ സർവ്വകലാശാല നടപ്പിൽ വരുത്തിയ സിലബസ് പരിഷ്കരണം (Outcome Based Education) ആയി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് എത്ര പരിശീലനം പരിഷ്കരണം നടപ്പിലാക്കിയ ശേഷം നൽകി? ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെങ്കിലും പരിശീലന പരിപാടികൾ അദ്ധ്യാപകർക്കു വേണ്ടി സർവ്വകലാശാല നടത്തുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം?

ഉത്തരം : 2019 ൽ സർവ്വകലാശാല നടപ്പിൽ വരുത്തിയ സിലബസ് പരിഷ്ക്കരണവു മായി ബന്ധ്പ്പെട്ട് അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി കോളേജ് ലെവൽ കോർഡിനേറ്റർമാരെ നിയമിക്കുകയും, കൂടാതെ കോളേജുകളിൽ ഓരോ ഡിപ്പാർട്ട്മെന്റ് തലത്തിലും പ്രത്യേകം കോർഡിനേറ്റർമാരെ നിയമിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. കരിക്കുലം സിലബസ് മോണിറ്ററിംഗ് കമ്മറ്റി ഇവർക്കായി ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് അവരിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക യും ചെയ്യുന്നുണ്ട്. പുതിയതായി പരീശിലന പരിപാടികൾ ഒന്നും തന്നെ നടത്തു വാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിക്കുന്ന മുറക്ക് പരീശിലന പരിപാടികൾ ആലോചിക്കുന്നതാണ്.

Q.No. 29

Dr. VIJAYAN K

21.07.2020 ന് ചേർന്ന സെനറ്റ് യോഗത്തിൽ പ്രമേയം നമ്പർ 64 പ്രകാരം യൂണിവേഴ്സിറ്റി പരീക്ഷയിൽ ഉന്നത നിലവാരം പുലർത്തുന്ന 1,2,3

കോളേജുകളെ അനുമോദിക്കുവാനും അതു പോലെ വിവിധ വിഷയങ്ങളിൽ റാങ്ക് നേടുന്ന കുട്ടികളെ അനുമോദിക്കുവാനും തീരുമാനിച്ചിരുന്നു. ഇതിനുള്ള നടപടിക്രമം യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം : കോവിഡ് പശ്ചാത്തലത്തിൽ അനുമോദന ചടങ്ങുകൾ സംഘടിപ്പിക്കുന്നത് പ്രോട്ടോക്കോൾ വിരുദ്ധമായതിനാൽ നിലവിൽ പരിഗണിച്ചിട്ടില്ല. സാഹചര്യം അനുകൂലമാകുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്.

Q.No. 30

Dr. SURESHUMAR K.S

കേരള സർക്കാർ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ടല്ലോ? ഇത് ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്?

ഉത്തരം : സിൽവർ ജൂബിലി ഡെവലപ്പ്മെന്റ് പ്ലാനിന് വേണ്ടി 20 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് അയക്കുകയും അത് 2021-22 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.തുടർന്ന് 02/08/2021 ന് പുതിയ ഘടകങ്ങൾ ഉൾക്കൊള്ളിച്ച പുതുക്കിയ സിൽവർ ജൂബിലി ഡവലപ്പ്മെന്റ് പ്രൊപ്പോസൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് ഇത് അംഗീകരിച്ചു ഫണ്ട് അനുവദിക്കുന്ന മുറക്ക് മാത്രമേ ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുക എന്നുള്ളതിൽ അന്തിമ തീരുമാനം ആകൂ.

Q.No. 31

Dr. ISMAIL OLAYIKKARA

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച് ആറു മാസം കഴിഞ്ഞശേഷവും മൂല്യനിർണയത്തിന് അയക്കാത്ത എത്ര ഗവേഷണ പ്രബന്ധങ്ങൾ ഉണ്ട്? ഇവ മൂല്യനിർണയത്തിന് അയക്കാത്തതിന് കാരണമെന്താണ്? കാലതാമസം വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം : കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച ആറുമാസം കഴിഞ്ഞിട്ടും മൂല്യനിർണയത്തിന് അയക്കാത്തതായി ഗവേഷണ പ്രബന്ധങ്ങൾ ഒന്നും തന്നെ നിലവിലില്ല.

Q.No. 32

Smt. LATHA E.S

Will the University conduct the First and second Semester Examinations for the students who have taken admission in 2020-2021? This question is raised in the context of UGC's direction to cancel all exams of the First and the second year Degree students?

ഉത്തരം : UGC has issued an instruction that the decision regarding the conduct of examination can be taken by the States concerned considering the covid pandemic situation prevailing in the State. Accordingly as per the decisions of the meeting convened by the Honble Minister for Higher

Education with the Vice Chancellors of Universities in Kerala on 25.05.2021, it has been decided to conduct the examinations in the month of September, observing covid protocol.

Q.No. 33

Dr. SWARUPA R

സർവ്വകലാശാലകളോട് യു.ജി.സി. നിഷ്കർഷിച്ചിരിക്കുന്ന Blended Mode of Teaching നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ യൂണിവേഴ്സിറ്റി എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണ്?

ഉത്തരം : കോവിഡ് രോഗ വ്യാപനത്തിന്റെ തോത് അനുസരിച്ച് പഠനം ഓൺലൈൻ / ഓഫ്ലൈൻ രൂപത്തിൽ നടത്തുന്ന രീതി ഇതിനകം തന്നെ സർവ്വകലാശാല അവലംബിച്ചിട്ടുണ്ട്. രോഗ വ്യാപന തീവ്രത കൂടിയ നിലവിലെ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശാനുസരണം ക്ലാസുകൾ ഓൺലൈൻ രീതിയിലാണ് നടത്തി വരുന്നത്. സാഹചര്യം അനുകൂലമാകുന്ന പക്ഷം ക്ലാസ്സുകൾ ഓഫ്ലൈൻ രൂപത്തിൽ നടത്തുന്നതായിരിക്കും.

Q.No. 34

Dr. R K BIJU

2020-2021 അക്കാദമിക വർഷം ഓഡ് സെമസ്റ്റർ പരീക്ഷയ്ക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ ഓരോ പേപ്പറിനും കിട്ടിയ മാർക്കിനെ 1.33 എന്ന നമ്പർ ഉപയോഗിച്ച് ഗുണനം ചെയ്ത മാർക്കാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ഒരു ഫോർമുല കണ്ടെത്തുവാൻ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിരുന്നോ? ഇല്ലെങ്കിൽ എങ്ങനെയാണ് പ്രസ്തുത ഫോർമുല രൂപീകരിച്ചത്?

ഉത്തരം : കോവിഡ് സാഹചര്യത്തിൽ, മൂല്യനിർണയത്തിൽ പരമാവധി മാർക്ക്, പരീക്ഷാ ദൈർഘ്യം എന്നിവ പുനർനിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നടപ്പാക്കിയ 10/02/2021 ലെ KTU/AD/EXAM/2365/2020 നമ്പർ ഉത്തരവ്, എക്സാം മോണിറ്ററിങ് കമ്മിറ്റിയുടെ 03/03/2021 ന് നടന്ന യോഗത്തിലെ ആറാമത്തെ ഇനമായി പരിഗണിച്ചു. പരമാവധി മാർക്ക് കുറയ്ക്കാനും നിശ്ചിത ഫോർമുല ഉപയോഗിച്ച് വിദ്യാർത്ഥികൾക്കുള്ള പുതുക്കിയ മാർക്ക് നിശ്ചയിക്കാനുമാണ് സാങ്കേതിക സർവ്വകലാശാലയുടെ ടി ഉത്തരവ്. ഈ ഉത്തരവിൻമേൽ വിശദമായ പഠനം നടത്തി ഉചിതമായ തീരുമാനമെടുക്കാൻ ഈ വിഷയം സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ എക്സാം മോണിറ്ററിങ് കമ്മിറ്റി യോഗം ശുപാർശ ചെയ്തു.03/03/2021 ലെ എക്സാം മോണിറ്ററിങ് കമ്മിറ്റി യോഗത്തിന്റെ, കൺവേർഷൻ ഫോർമുല സംബന്ധിച്ച ശുപാർശ ഉൾപ്പെടെയുള്ള മിനിറ്റ്സ്, 09/03/2021 ൽ നടന്ന സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു. കൺവേർഷൻ ഫോർമുല സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് എത്തുന്നതിനു മുൻപായിരുന്നു ഇത്.

18/03/2021 ന് ചേർന്ന യുജി പരീക്ഷാ ബോർഡ് അധ്യക്ഷൻമാരുടെ ഓൺലൈൻ യോഗത്തിൽ, കൺവേർഷൻ ഫോർമുല സംബന്ധിച്ച് മേൽ സൂചിപ്പിച്ച, 03/03/2021 ലെ ഇഎംസി യോഗത്തിന്റെ ശുപാർശകൾ പരിഗണനയ്ക്ക് വന്നു. സാങ്കേതിക സർവ്വകലാശാലയുടെ തീരുമാനം ചർച്ച ചെയ്ത പരീക്ഷാ ബോർഡ് അധ്യക്ഷൻമാർ, പരമാവധി മാർക്ക് 40 ൽ നിന്നും 30 ആക്കി പുനർനിശ്ചയിക്കുകയും അതുപ്രകാരമുള്ള കൺവേർഷൻ ടേബിൾ സമർപ്പിക്കുകയും ചെയ്തു. 30 ൽ വിദ്യാർത്ഥിക്ക് ലഭിച്ച മാർക്കിനെ 1.33 കൊണ്ട് ഗുണിച്ചാണ് വിദ്യാർത്ഥിക്ക് 40 ൽ ലഭിച്ച മാർക്ക് കണക്കാക്കേണ്ടതെന്നും ടി യോഗത്തിൽ നിർദ്ദേശമായി.

29/03/2021 ന്, ബഹുമാനപ്പെട്ട വൈസ് ചാൻസിലർ, പരീക്ഷാ ബോർഡ് അധ്യക്ഷൻമാരുടെ, മേൽ സൂചിപ്പിച്ച, കൺവേർഷൻ ഫോർമുല സംബന്ധിച്ച ശുപാർശകൾ അംഗീകരിക്കുകയും ഇക്കാര്യം സിൻഡിക്കേറ്റിന് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു.

09/03/2021 ൽ നടന്ന സിൻഡിക്കേറ്റ് യോഗം അംഗീകരിച്ച, 03/03/2021 ലെ എക്സാം മോണിറ്ററിങ് കമ്മിറ്റി യോഗത്തിന്റെ, കൺവേർഷൻ ഫോർമുല സംബന്ധിച്ച ശുപാർശ ഉൾപ്പെടെയുള്ള മിനിറ്റ്സ്, 18/03/2021 ലെ, പരീക്ഷാ ബോർഡ് അധ്യക്ഷൻമാരുടെ യോഗത്തിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി, നടപ്പാക്കാൻ 03/04/2021 ന് പ്രോ-വൈസ് ചാൻസിലർ അനുമതി നൽകി.

മൂന്നാം സെമസ്റ്റർ യുജി നവംബർ 2020 പരീക്ഷയുടെ മൂല്യനിർണ്ണയം 09/04/2021 ന് തുടങ്ങുകയാണെന്ന അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, ടി കൺവേർഷൻ ഫോർമുലയും ടേബിളും, ആവശ്യമായ നടപടിക്ക്, എല്ലാ യുജി പരീക്ഷാ ബോർഡ് അധ്യക്ഷൻമാർക്കും ഇമെയിൽ വഴി 08/04/2021 ന് അയച്ചുകൊടുത്തു. ഇത് പിന്നീട് എല്ലാ പിജി പരീക്ഷാ ബോർഡ് അധ്യക്ഷൻമാർക്കും നൽകി.

03/03/2021 ലെ എക്സാം മോണിറ്ററിങ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ച, 09/03/2021 ലെ സിൻഡിക്കേറ്റ് യോഗ തീരുമാനത്തിന്റെ (ഐറ്റം നമ്പർ 2021.220) വെളിച്ചത്തിൽ, 08/04/2021 ന് നടന്ന എക്സാം സ്റ്റാൻഡിങ് കമ്മിറ്റി യോഗം, പരീക്ഷാ ബോർഡ് അധ്യക്ഷൻമാർ സമർപ്പിച്ച കൺവേർഷൻ ഫോർമുല, കൺവേർഷൻ ടേബിൾ എന്നിവ ചർച്ച ചെയ്യുകയും "formula for conversion of marks for the UG/PG odd semester examinations during covid 19" അംഗീകരിക്കുകയും ചെയ്തു.

വാക്യഘടനയിൽ "NEXT" എന്നതിനു പകരം "NEAREST" എന്ന തിരുത്തലോടെയാണ് കൺവേർഷൻ ഫോർമുല സ്റ്റാൻഡിങ് കമ്മിറ്റി അംഗീകരിച്ചത്. ഇക്കാര്യം പിന്നീട് ബന്ധപ്പെട്ട എല്ലാ അധ്യക്ഷൻമാരെയും അറിയിച്ചു.

അഞ്ചാം സെമസ്റ്റർ യുജി നവംബർ 2020, മൂന്നാം സെമസ്റ്റർ പിജി ഒക്ടോബർ 2020 എന്നീ പരീക്ഷകളുടെ മൂല്യനിർണയത്തിൽ കൺവേർഷൻ ഫോർമുല ഉപയോഗിച്ചതിനാൽ, സ്റ്റാൻഡിങ് കമ്മിറ്റി പരിഗണിച്ച കൺവേർഷൻ ഫോർമുലയും ടേബിളും തുടർ ഉത്തരവുകൾക്കായി വൈസ് ചാൻസിലർക്ക് സമർപ്പിച്ചു.

സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച വൈസ് ചാൻസിലർ, ടി ഫോർമുലയും ടേബിളും അഞ്ചാം സെമസ്റ്റർ യുജി നവംമ്പർ 2020, മൂന്നാം സെമസ്റ്റർ പിജി ഒക്ടോബർ 2020 പരീക്ഷകൾക്ക് മാത്രം ബാധകമാക്കാനും ഇക്കാര്യമെല്ലാം സിൻഡിക്കേറ്റിന് മുമ്പാകെ റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകി.

11/06/2021 ന് നടന്ന പ്രത്യേക സിൻഡിക്കേറ്റ് യോഗം, കൺവേർഷൻ ഫോർമുലയും ടേബിളും അഞ്ചാം സെമസ്റ്റർ യുജി നവംബർ 2020, മൂന്നാം സെമസ്റ്റർ പിജി ഒക്ടോബർ 2020 പരീക്ഷകൾക്ക് മാത്രം ബാധകമാക്കി അംഗീകരിച്ച, വൈസ് ചാൻസിലറുടെ ഈ നടപടി ശ്രദ്ധിക്കുകയും മൂന്നാം സെമസ്റ്റർ യുജി (റഗുലർ - 2019 പ്രവേശനം മാത്രം) നവംബർ 2020 പരീക്ഷയുടെ മൂല്യനിർണ്ണയത്തിനു കൂടി ടി ഫോർമുലയും ടേബിളും ബാധകമാക്കാൻ തീരുമാനിക്കുകയും ചെയ്തു.

താഴെ പറയുന്ന പരീക്ഷകൾക്ക് ആണ് കൺവേർഷൻ ഫോർമുലയും ടേബിളും (Formula for conversion of marks for the UG/PG odd semester examinations during covid 19) ബാധകമാക്കിയിട്ടുള്ളത്.

1. Fifth Semester B A/ B A Afsal-Ul-Ulama/ B. Sc./ B. Sc. (Honours)/ B. Com./ BTTM/ BBA/BBATTM/ BBA-RTM/ BBA-AH/ BCA/ BBM/ BSW Degree (C.B.C.S.S. 2014 Admission Onwards -Regular/ Supplementary/ Improvement) Examinations, November 2020.
2. Third Semester M. A./ M. Sc./ M. Com./ MCJ/ MSW/ MTTM Degree (C.B.S.S. – Regular/ Supplementary / Improvement - 2014 Admission onwards) Examinations, October 2020.
3. Third Semester B A/ B A Afsal-Ul-Ulama/ B. Sc./ B. Com./ BTTM/ BBA/ BBA-TTM/ BBARTM/BBA-AH/ BCA/ BBM/ BSW Degree (C.B.C.S.S. - O.B.E. - 2019 Admission) Regular Examinations, November 2020 & Third Semester B. Sc. Honours in Mathematics (C.B.C.S.S.- 2019 Admission ) Examinations, November 2020.

Q.No. 35

Adv. P. APPUKKUTTAN

സപ്തഭാഷകളുടെ സംഗമ ഭൂമിയായ കാസർകോട് ന്യൂനപക്ഷ ഭാഷാപഠനത്തിന് സഹായകരമാകുന്ന നിലയിൽ മഞ്ചേശ്വരത്തും കാസർകോടും ന്യൂനപക്ഷ ഭാഷാ കോർണർ സ്ഥാപിക്കുവാൻ സർവ്വകലാശാലക്കു ഉദ്ദേശമുണ്ടോ? ന്യൂനപക്ഷ ഭാഷകളുടെ വികസനത്തിന് വേണ്ടി എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ? ബഹുഭാഷാപഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ?

ഉത്തരം : കേരള സർക്കാർ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി കണ്ണൂർ സർവ്വകലാശാലക്ക് അനുവദിച്ച 20 കോടി രൂപയുടെ പ്രൊപ്പോസലിൽ കണ്ണൂർ യൂനിവേർസിറ്റി സിൽവർ ജൂബിലി അക്കാദമിക്ക് എന്റിച്ച്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 50 ലക്ഷം രൂപ സെന്റർ ഫോർ ലിംഗ്വസ്റ്റിക്ക് ഡൈവേർസിറ്റിക്ക് വകയിരുത്തിയിട്ടുണ്ട്.

Q.No. 36

Dr. SWARUPA R

പി.എച്ച്.ഡി പ്രവേശനക്കാര്യത്തിൽ മറ്റു യൂണിവേഴ്സിറ്റികൾ സംവരണ സമ്പ്രദായം പാലിക്കുന്നുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി ഇത്തരം സംവരണക്രമം നടപ്പിലാക്കാറുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം : പാലിക്കുന്നുണ്ട്. സംവരണാനുപാതം - General:O.B.C:SC/ST:E.W.S :: 50:20:20:10. (റിസേർച് സൂപ്പർവൈസർമാരും അപേക്ഷകരും ആവശ്യത്തിന് ലഭ്യമാണെങ്കിൽ).

Q.No. 37

Dr. ISMAIL OLAYIKKARA

NAAC അംഗീകാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിയിൽ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്?

ഉത്തരം : നാഷണൽ അസ്സസ്സമെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ വിസിറ്റുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിനായി താഴെ പറയുന്നവ വാങ്ങി സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

സ്വാമി ആനന്ദ തീർത്ഥകാമ്പസ് പയ്യന്നൂരിൽ രണ്ട് വീതം നാപ്കിൻ വെൻഡിങ്ങ്മെഷീൻ, നാപ്കിൻ ഇൻസിനിറേറ്ററുകൾ എന്നിവയും, ഡോ പി കെ രാജൻ മെമ്മോറിയൽ കാമ്പസ് നീലേശ്വരത്ത് നാപ്കിൻ വെൻഡിങ്ങ് മെഷീൻ (ഒരെണ്ണം), നാപ്കിൻ ഇൻസിനിറേറ്ററുകൾ (4 എണ്ണം) സ്ഥാപിച്ചിട്ടുണ്ട്.

6 യൂണിറ്റ് ബയോഗ്യാസ് പ്ലാന്റുകൾ വിവിധ കാമ്പസുകളിൽ (മാനന്തവാടി കാമ്പസ്-1 ,പാലയാട്-1, മാങ്ങാട്ടുപറമ്പ കാമ്പസ്-2, താവക്കര കാമ്പസ്-1, നീലേശ്വരം കാമ്പസ്-1) സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. 58 എണ്ണം ഫയർ എസ്റ്റിംഗിഷേർസ് വിവിധ കാമ്പസുകളിൽ ഇൻസ്റ്റാൾ ചെയ്യുന്ന പ്രക്രിയ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

എണ്ണം വേസ്റ്റ് ഇൻസിനെറേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

വിവിധ കാമ്പസുകളിൽ സി സി ടി വി സിസ്റ്റം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെൻഡർ നടപടിക്രമങ്ങൾ പൂർത്തികരിച്ച് വരുന്നു.

കണ്ണൂർ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ/ക്യാമ്പസുകളിൽ NAAC സന്ദർശനവുമായി ബന്ധപ്പെട്ട് അറ്റകുറ്റ/നവീകരണ പ്രവർത്തനങ്ങൾക്കായി ക്യാമ്പസ് ഡയറക്ടർമാർക്കും വകുപ്പ് തലവൻമാർക്കും മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാല ക്യാമ്പസുകളിലെ പെയ്ന്റിംഗ് അനുബന്ധ ജോലികൾ CPWD യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മാങ്ങാട്ടുപറമ്പ്, പയ്യന്നൂർ, കാസർഗോഡ്, നീലേശ്വരം ക്യാമ്പസുകളിലെ വിവിധ വകുപ്പ് മേധാവികൾക്ക്, സിൻഡിക്കേറ്റ് തീരുമാനം 2021.079 തീയ്യതി 19/01/2021 പ്രകാരം, മൊത്തം 23,36,637/- രൂപ, താഴെ കൊടുത്ത പ്രവർത്തികൾ ചെയ്യുവാനായി അഡ്വാൻസ് നൽകിയിട്ടുണ്ട്.

1. **മാങ്ങാട്ടുപറമ്പ് ക്യാമ്പസ് - ക്യാമ്പസ് ഡയറക്ടറെ ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | PARK MAINTENANCE |
| 2 | ELECTRICAL AND PLUMBING REPAIR WORKS IN MENS HOSTEL |
| 3 | ELECTRICAL AND PLUMBING REPAIR WORKS IN CANTEEN |
| 4 | CAMPUS BEAUTIFICATION |
| 5 | HAND WASH BASINS OUTSIDE DINING AREA |

2. **HOD, WOOD SCIENCE – ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR OF FANS - 4 |
| 2 | REPLACING OF FANS – 2 |
| 3 | TUBE LIGHTS – 15 |
| 4 | HYDROLIC DOOR CLOSURE – 2 |
| 5 | REPAIR ELECTRIC SOCKET |
| 6 | ALUMINIUM DOOR STOPPER – 3 |
| 7 | MISCELLANEOUS (CONTINGENCY) |

3. **HOD, BEHAVIOURAL SCIENCES - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL REPARING |
| 2 | FURNISHING |
| 3 | YOGA MAT AND RECREATIONAL FACILITY |
| 4 | MISCELLANEOUS (CONTINGENCY) |

4. **HOD, SCHOOL OF PHYSICAL EDUCATION AND SPORTS SCIENCES - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL WORKS COMPUTER LAB; REPAIR OF TUBES AND FANS |
| 2 | PLUMBING WORKS AND TOILET CLEANING |
| 3 | REPAIR CHAIRS AND DUSKS |
| 4 | LIBRARY COUNTER, PROPERTY COUNTER, OPAC TABLE |
| 5 | FLOWERPOTS, GARDENING |
| 6 | POLISHING SHELVES AND ALMIRAHS |
| 7 | MISCELLANEOUS (CONTINGENCY) |

5. **WORKS ENTRUSTED TO HOD,STATISTICS - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL REPAIRING |

| | |
|---|---|
| 2 | FURNISHING |
| 3 | FAN, GREEN BOARD, ETC |
| 4 | BEAUTIFICATION |
| 5 | MISCELLANEOUS (CONTINGENCY) |

6. **HOD, MATHEMATICS - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL REPAIRING |
| 2 | FURNISHING |
| 3 | FAN, GREEN BOARD, ETC |
| 4 | BEAUTIFICATION |
| 5 | MISCELLANEOUS (CONTINGENCY) |

7. **HOD, INFORMATION TECHNOLOGY - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR OF BROKEN WINDOW LASS & REPAIR DOOES – 11 |
| 2 | REPAIR WATER TAP AND PIPES – 12 |
| 3 | CLEANING TOILET AND SANITARY ITEMS |
| 4 | BARCODE SCANNER |
| 5 | MISCELLANEOUS (CONTINGENCY) |

8. **COURSE DIRECTOR, JOURNALISM - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL REPAIRING |
| 2 | FURNISHING |
| 3 | CELING FAN – REPAIR AND PURCHASE |
| 4 | MISCELLANEOUS (CONTINGENCY) |

9. **HOD, ENVIRONMENTAL STUDIES – ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL AND PLUMBING WORKS |
| 2 | REMOVAL OF WASTE |
| 3 | TUBE & FANS |
| 4 | MISCELLANEOUS (CONTINGENCY) |

10. **ASSISTANT DIRECTOR, MANAGEMENT STUDIES - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR – ELECTRICAL AND PLUMBING |

| | |
|---|---|
| 2 | CLEANING TOILET AND SANITARY ITEMS |
| 3 | FURNISHING AND BEAUTIFICATION |
| 4 | MISCELLANEOUS (CONTINGENCY) |

11. **HOD, HISTORY – ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPARING WORKS |
| 2 | MISCELLANEOUS (CONTINGENCY) |

12. **നീലേശ്വരം ക്യാമ്പസ് – ക്യാമ്പസ് ഡയറക്ടറെ ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL AND PLUMBING |
| 2 | LADIES ROOM AMINITY |
| 3 | YOGA MATS |
| 4 | WHEEL CHAIR |
| 5 | MISCELLANEOUS (CONTINGENCY) |

13. **പയ്യന്നൂർ ക്യാമ്പസ് – ക്യാമ്പസ് ഡയറക്ടറെ ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | ELECTRICAL AND PLUMBING |
| 2 | TABLE SEMINAR HALL |
| 3 | CLOSET, REPAIR AND PURCHASE |
| 4 | MISCELLANEOUS (CONTINGENCY) |

14. **HOD,CHEMISTRY- ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR, ELECTRICAL AND PLUMBING |
| 2 | RENOVATION OF LAB |
| 3 | DISPOSAL OF CHEMICAL WASTE |
| 4 | MISCELLANEOUS (CONTINGENCY) |

15. **HOD, PHYSICS - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR, ELECTRICAL AND PLUMBING |
| 2 | RENOVATION OF LAB |
| 3 | MISCELLANEOUS (CONTINGENCY) |

16. **HOD,GEOGRAPHY - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR, ELECTRICAL AND PLUMBING |
| 2 | FURNISHING |
| 3 | MISCELLANEOUS (CONTINGENCY) |

17. **HOD, MUSIC – ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | FURNISHING |
| 2 | MISCELLANEOUS (CONTINGENCY) |

18. **കാസർഗോഡ് ക്യാമ്പസ് – ക്യാമ്പസ് ഡയറക്ടറെ ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | REPAIR WORKS |
| 2 | MISCELLANEOUS (CONTINGENCY) |

19. **Course Director, Teacher education - ഏൽപ്പിച്ച പ്രവർത്തികൾ**

| SI.No | Item / Description |
|---|---|
| 1 | FURNISHING |
| 2 | CLEANING WORKS |
| 3 | MISCELLANEOUS (CONTINGENCY) |

II. താഴെ കൊടുത്ത പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ കൂടി ആരംഭിച്ചിട്ടുണ്ട്.

1. മാങ്ങാട്ടുപറമ്പ് ക്യാമ്പസ്
   - സ്വിമ്മിങ് പൂൾ മെയിന്റനൻസ് പ്രവർത്തിക്കായി ലഭിച്ച ഓഫർ സ്വീകരിച്ചിട്ടുണ്ട്.
   - റെയിൻ വാട്ടർ ഹർവെസ്റ്റിംഗ് പ്രവർത്തി ചെയ്യുവാൻ ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്.
   - ജനറേറ്റർ റിപ്പയർ പ്രവർത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്.
   - ഐടി ഡിപ്പാർട്ട്മെന്റിൽ നെയിം ബോർഡ് സ്ഥാപിക്കുവാൻ ഐടി വകുപ്പ് മേധാവിക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്.
   - മാങ്ങാട്ട് പറമ്പ് സ്പോർട്സ് കോംപ്ലക്സിൽ ബ്യൂട്ടിഫിക്കേഷൻ & മെയിന്റനൻസ് പ്രവർത്തിക്ക്, Director of Physical Education ന് 2,36,920/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്.
2. പയ്യന്നൂർ ക്യാമ്പസ്
   - കാന്റീൻ നിർമ്മാണത്തിനായി CPWD സമർപ്പിച്ച റിവൈസ്ഡ് ലേ ഔട്ട് അംഗീകരിച്ചു കൊടുത്തിട്ടുണ്ട്.

- റെയിൻ വാട്ടർ ഹർവെസ്റ്റിംഗ് മെയിന്റനൻസ് പ്രവർത്തിയുടെ ഭാഗമായുള്ള ചില പ്രവർത്തികൾ ചെയ്യുവാൻ ക്യാമ്പസ് ഡയറക്ടർക്ക് അനുവാദം നൽകുകയും, ULCCS ന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.
- പയ്യന്നൂർ ക്യാമ്പസിലെ ലൈബ്രറിയിലേക്കുള്ള റാംപ് പ്രവർത്തനം ULCCS നെ ഏൽപ്പിച്ചിരുന്നു.
- പയ്യന്നൂർ ക്യാമ്പസിലെ കമ്പ്യൂട്ടർ ലാബിലേക്കുള്ള റാംപ് പ്രവർത്തനം ULCCS നെ ഏൽപ്പിച്ചിരുന്നു.

3. കാസർഗോഡ് ക്യാമ്പസ്
    - കോമ്പൗണ്ട് വാൾ നിർമ്മാണം, റിട്ടേയിംനിംഗ് വാൾ നിർമ്മാണം, സെക്യൂരിറ്റി ക്യാബിൻ നിർമ്മാണം & ബിൽഡിങ് മെയിന്റനൻസ് എന്നീ പ്രവർത്തികൾക്ക് AS നൽകിയിട്ടുണ്ട്.
4. നീലേശ്വരം ക്യാമ്പസ്
    - ക്യാമ്പസിൽ സ്ഥാപിക്കേണ്ട വിവിധ ബോർഡുകളുടെ എസ്റ്റിമേറ്റ് തുടർ നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.
    - ക്യാമ്പസിൽ നിന്നും ഹോസ്റ്റലിലേക്ക് ഇന്റർലോക്ക് റോഡ്, ഇന്റർലോക്ക്, ടൈൽസ്, വാഷിംഗ്ഏരിയ എന്നിവയുടെ നിർമ്മാണത്തിനായി പ്രവർത്തനം ULCCS നെ ഏൽപ്പിച്ചിരുന്നു.
5. താവക്കര, പയ്യന്നൂർ, കാസർഗോഡ്, മാനന്തവാടി, പാലയാട് എന്നീ ക്യാമ്പസുകളിൽ Badminton cum volleyball കോർട്ട് നിർമ്മാണത്തിന്റെ location/site/Measurements എന്നിവ ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ സമർപ്പിച്ചിട്ടുണ്ട്.
6. പാലയാട്, മാനന്തവാടി ക്യാമ്പസ്സുകളിലേക്ക് റെയിൻ വാട്ടർ ഹാർവേസ്റ്റിംഗ് പ്രവർത്തികൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

Q.No. 38

Dr. SHANOJ M P

കണ്ണൂർ യൂണിവേഴ്സിറ്റി അന്താരാഷ്ട്ര തലത്തിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളുമായി സഹകരിച്ചുകൊണ്ടാണ് അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നത്? ഇതിന്റെ ഗുണഫലങ്ങൾ വിദ്യാർത്ഥികൾക്ക് എത്രമാത്രം ലഭ്യമായി തുടങ്ങിയിട്ടുണ്ട്.?

ഉത്തരം : മെക്സിക്കോ, ജർമ്മനി, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ വിവിധ സർവ്വകലാശാലകളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

അക്കാദമിക് രംഗത്തെ സഹകരണത്തിനായി കണ്ണൂർ സർവ്വകലാശാലക്ക് നിലവിൽ താഴെ പറയുന്ന വിദേശ സർവ്വകലാശാലകളുമായി ബന്ധങ്ങൾ ഉണ്ട്.

1. ജർമ്മനിയിലെ Erfurt സർവ്വകലാശാലയുമായി ധാരണാപത്രവും Agreement for Academic Collaboration ഉം ഒപ്പ് വച്ചിട്ടുണ്ട്.
2. ഇറ്റലിയിലെ Chieti സർവ്വകലാശാലയുമായി Bilateral Agreement ഒപ്പ് വച്ചിട്ടുണ്ട്.
3. അമേരിക്കയിലെ Oregon State University College of Forestry യുമായി Letter of Collaboration ഒപ്പ് വച്ചിട്ടുണ്ട്.

ഇറ്റലിയിലെ Chieti സർവ്വകലാശാലയുമായും ജർമ്മനിയിലെ Erfurt സർവ്വകലാശാലയുമായും ഉള്ള ധാരണകൾ പ്രകാരമുള്ള അക്കാദമിക്/ഗവേഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടില്ല.

അമേരിക്കയിലെ Oregon State University College of Forestry യുമായുള്ള Letter of Collaboration അനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫണ്ടിംഗ് ഏജൻസികളെ കണ്ടെത്തിയാലുടനെ സമർപ്പിക്കാൻ കഴിയുന്ന തരത്തിൽ Department of Zoology യും Oregon State University College of Forestry യും തമ്മിലുള്ള ഒരു Collaborative Project Proposal തയ്യാറാക്കി വരുന്നുണ്ട്. Department of Zoology യുടെ പ്രധാന ഗവേഷണ മേഖലകളായ Tropical Biodiversity, Ecological Parasitology എന്നിവയുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്ന ഗവേഷക വിദ്യാർത്ഥികളുടെ Co-guide കൾ ആവാൻ Oregon State University College of Forestry യിലെ അദ്ധ്യാപകർ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

Q.No. 39

<u>Dr. SHANOJ M P</u>

കണ്ണൂർ യൂണിവേഴ്സിറ്റി പരിധിയിലുള്ള കോളേജുകൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ കണ്ണൂരിൽ ഡി.ഡി. ഓഫീസ് അനുവദിച്ചുകിട്ടുന്നതിനായി യൂണിവേഴ്സിറ്റി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u> : നിലവിൽ അത്തരമൊരു ആവശ്യം സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല.

Q.No. 40

<u>Sri. SHANAVAS S M</u>

കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി നിഷ്കർച്ചിട്ടുള്ള ഹാജർ (വർഷത്തിൽ) എത്രയാണ്? യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് ഹാജർ ആ വർഷത്തെ ഹാജർ കണക്കാക്കുന്നതിൽ പരിഗണിക്കാറുണ്ടോ? ഇല്ലെങ്കിൽ ആ വർഷത്തെ മിനിമം ഹാജർ എത്രയാണ്?

<u>ഉത്തരം</u> : കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് പ്രബന്ധങ്ങൾ സമർപ്പിക്കുന്ന സമയത്ത് ഹാജർ കണക്കാക്കുന്നത് അവരുടെ രജിസ്ട്രേഷൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ്. ഇതനുസരിച്ചു

മുഴുവൻ സമയ ഗവേഷകർക്ക് 75% ഹാജരും പാർട്ട് ടൈം ഗവേഷകർക്ക് പ്രതിവർഷം 60 ദിവസത്തെ ഹാജർ എന്ന നിലയിലുമാണ്.
ആറുമാസ കോഴ്സ് വർക്ക് എല്ലാ വിഭാഗം ഗവേഷകർക്കും നിർബന്ധിതമായതുകൊണ്ട് ആ വർഷത്തെ ഹാജർ കണക്കാക്കുന്നത് കോഴ്സ് വർക്കിന് ശേഷം ബാക്കി വരുന്ന മാസങ്ങളുടെ അടിസ്ഥാനത്തിലാണ്.

Q.No. 41

Sri. JAYAKRISHNAN T.V

കണ്ണൂർ സർവ്വകലാശാല സ്റ്റുഡന്റ് അമിനിറ്റി സെന്റർ എന്തൊക്കെ സൗകര്യങ്ങളാണ് വിദ്യാർത്ഥികൾക്കായി ഒരുക്കിയിരിക്കുന്നത്?

ഉത്തരം : ഇപ്പോൾ അന്വേഷണ വിഭാഗം (Enquiry Section) വിശാലമായ മുറിയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും വിദ്യാർത്ഥികൾക്ക് നേരിട്ടും ഫോണിലൂടെ യും. ഇ-മെയിലിലൂടേയും ആവശ്യമുള്ള സേവനങ്ങൾ നൽകി വരുന്നു. ഇവിടെ അഞ്ച് കൗണ്ടറുകളിലൂടെ വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകു കയും, ഒരു കൗണ്ടറിൽ ഫോൺ കോൾ മാത്രം അറ്റൻഡ് ചെയ്യുകയും ചെയ്യുന്നു. രണ്ട് ജീവനക്കാർ ഇ-മെയിലുകൾക്ക് മറുപടി അയക്കുകയും ചെയ്യുന്നു.
സിംഗിൾ വിൻഡോ സെല്ലുമായി ബന്ധപ്പെട്ട (അക്കാദമിക്ക് വിഭാഗം) UG/PG/other പ്രവേശനം സംബന്ധിച്ച ഫോൺകോളുകളും (സിംഗിൾ വിൻഡോയുടെ മൊബൈൽ ഫോണും, ലാൻഡ് ഫോണും, ഉൾപ്പെടെ) എൻക്വയറി വിഭാഗത്തിൽ സ്വീകരിക്കുന്നുണ്ട്.
വിദ്യാർത്ഥികൾ അവർക്ക് ആവശ്യമുള്ള കാര്യങ്ങൾക്ക് വേണ്ടി വന്നാൽ ബന്ധ പ്പെട്ട സെക്ഷനുകളിൽ നിരന്തരം അന്വേഷിക്കുകയും വിവരങ്ങൾ അപ്പപ്പോൾ വിദ്യാർത്ഥികളെ സെക്ഷനിലേക്ക് വിടാതെ തന്നെ അവർക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു.

Q.No. 42

Sri. SATHEESAN P.K

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പുതിയ കോഴ്സ് ആരംഭിക്കുന്നുണ്ടോ? സർവ്വകലാശാലയുടെ കീഴിൽ പുതിയ എയ്ഡഡ് കോളേജോ, സർക്കാർ കോളേജുകളോ അനുവദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ?

ഉത്തരം : എല്ലാ വർഷവും നവംബർ 30 ന് മുൻപ് പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം പുതിയ കോളേജ് തുടങ്ങുന്നതിനായുള്ള അപേക്ഷകൾ ക്ഷണിക്കുകയും, ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനക്കും ഇൻസ്പെക്ഷനും വിധേയമാക്കി, ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുന്നത്. പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള വിജ്ഞാപനം ഓരോ വർഷവും സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുകയും, ലഭിക്കുന്ന അപേക്ഷകളിലെ കോളേജുകളിൽ ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുന്നു. ഈ നടപടിക്രമങ്ങൾ സർവ്വകലാശാല നടത്തി വരുന്നു.

Q.No. 43

Dr. SHANOJ M P

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങൾക്കും പ്രൊമോഷനുകൾക്കും സമയബന്ധിതമായി അംഗീകാരം നൽകിയിട്ടുണ്ടോ? എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ട്.?

ഉത്തരം : സമയബന്ധിതമായി അംഗീകാരം നൽകിയിട്ടുണ്ട്. 13/07/2021 ലെ സിൻഡിക്കേറ്റ് മീറ്റിംഗിന് ശേഷം ലഭിച്ച പ്രൊപ്പോസലുകൾക്കു മാത്രമേ ഇനി അംഗീകാരം നൽകേണ്ടതായിട്ടുള്ളൂ.

## II. Business brought forward by the Members of the Syndicate and the Vice-Chancellor.

5.07 ചോദ്യോത്തര വേളക്ക് ശേഷം ശ്രീ. പ്രമോദ് കുമാർ കെ.വി ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു.

5.08 ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വർഗീയ വൽക്കരണ അജണ്ടകളുടെ തുടർച്ചയെന്നോണം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള ബിരുദ ബിരുദാനന്തര സിലബസുകളിൽ ഹിന്ദുത്വ ദേശീയവാദികൾ ഉൾപ്പെടെയുള്ളവരുടെ ജീവ ചരിത്രം പഠിപ്പിക്കുന്ന നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മതേതര വിദ്യാഭ്യാസ സംസ്കാരത്തെ വെല്ലുവിളിച്ചുകൊണ്ട് ഹിന്ദുത്വ ദേശീയ വാദികളുടെ ജീവചരിത്രം പഠിപ്പിക്കാൻ തുനിയുന്നത് മതേതര ജനാധിപത്യ വിദ്യാഭ്യാസത്തെ ഇല്ലാതാക്കും. അതുകൊണ്ടു തന്നെ ഇത്തരം നടപടികളിൽ നിന്നും സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരും പിന്തിരിയണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

5.09 പ്രമേയം സഭ അംഗീകരിച്ചു.

5.10 ഡോ. ആർ.കെ ബിജു, ശ്രീ. ഷാനവാസ് എസ്.എം, ഡോ. സുരേഷ് കുമാർ കെ.എസ് എന്നിവർ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അതിൽ ഡോ. സുരേഷ് കുമാർ കെ.എസ് ന്റെ അടിയന്തിര പ്രമേയം അനുവദിക്കുകയാണെന്നും ചെയർ അറിയിച്ചു.

5.11 തുടർന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അടിയന്തിര പ്രമേയം അവതരിപ്പിച്ചു.

5.12 ദേശീയവിദ്യാഭ്യാസ നയം 2020 ന്റെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ബ്ലെന്റെഡ് ലേണിംഗ് സമ്പ്രദായത്തെ വിദ്യാഭ്യാസ മേഖലയിൽ ഉള്ളവർ ആശങ്കയോടെയാണ് നോക്കി കാണുന്നത്. ആധുനീക സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കൊണ്ട് വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരണം എന്നത് തർക്കമില്ലാത്ത കാര്യമാണ്. എന്നാൽ വിദ്യാഭ്യാസ പ്രക്രീയ മുഴുവനായും ഓൺലൈൻ രീതിയിലേക്ക് മാറ്റുന്നതും അതു വഴി ഈ രംഗത്ത് മുതൽ മുടക്കിന് ഒരുങ്ങുന്ന കുത്തക വ്യവസായ മേഖലകളുടെ താൽപര്യങ്ങൾക്ക് അനുസരിച്ച് അദ്ധ്യാപന രീതി മാറ്റുന്നതും വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. നിലവിൽ നിലനിൽക്കുന്ന ഡിജിറ്റൽ ഡിവൈഡ് വർദ്ധിപ്പിക്കുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസ പ്രക്രീയയിൽ നിന്ന് പൂർണ്ണമായി അന്യവൽക്കരിക്കപ്പെടുന്നതിനും

വിദ്യാഭ്യാസ രംഗം മുഴുവനായും കുത്തക കമ്പനികളുടെ കൈയ്യിൽ എത്തിച്ചേരുന്നതിനും കാരണമാകും. അതിനാൽ നിലവിലുള്ള വിദ്യാഭ്യാസ പ്രക്രീയയ്ക്ക് കരുത്തേകുന്ന തരത്തിൽ മാത്രമേ ഓൺലൈൻ പഠന സാധ്യതകൾ ഉപയോഗിക്കാവുവെന്ന് കണ്ണൂർ സർവ്വകലാശാല കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.13 അടിയന്തിര പ്രമേയത്തെ 20 ൽ കൂടുതൽ പേർ പിന്തുണച്ചു.

5.14 തുടർന്ന് അടിയന്തിര പ്രമേയം സഭ അംഗീകരിച്ചു.

## III. Business brought forward by the members of the Senate.

Resolution No.1

Dr. JOBY K JOSE moved the resolution.

കണ്ണൂർ സർവ്വകലാശാലയിൽ 2010-2011 വർഷങ്ങളിൽ നടത്തിയ ഇന്റർവ്യുവിലൂടെ നിയമനം ലഭിച്ച പല അധ്യാപകരും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടി ട്ടില്ല. സമയബന്ധിതമായി സർവ്വകലാശാല നിയമന നടപടികൾ പൂർത്തിയാക്കാ ത്തതാണ് ഇതിനുകാരണം. ആയതിനാൽ ഈ അധ്യാപകരേക്കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണ മെന്ന് സർവ്വകലാശാല അധികാരികളോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടു ന്നു.

5.15 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

5.16 കേരള സർവ്വീസ് റൂൾ 60 A F പ്രകാരം 1/4/2013 തീയ്യതി വെച്ച് പെൻഷൻ റൂൾ സർക്കാർ revise ചെയ്തിരുന്നുവെന്നും അതിന്റെ ഭാഗമല്ലാതെയുള്ള ഒരു പ്രമേയം പാസ്സാക്കിയാൽ അതിന് പ്രാധാന്യമുണ്ടാകുമോ എന്നതിൽ ഡോ.ആർ.കെ ബിജു ആശങ്ക രേഖപ്പെടുത്തി. എല്ലാവർക്കും Statutary Pension നൽകണമെന്നു തന്നെയാണ് തന്റെ ആഗ്രഹമെന്നും പക്ഷെ സർക്കാർ ഉത്തരവ് മറിച്ചായതിനാൽ അതിനനുസരിച്ച് പോകുന്നതാണ് നല്ലതെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. എല്ലാവർക്കും സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുന്നതിന് വേണ്ടിയുള്ളതാണ് പ്രമേയമെന്നും അതിനാൽ ഇത് പാസ്സാക്കാമെന്നും ചെയർ അഭിപ്രായപ്പെട്ടു.

5.17 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.2

Dr. SURESHKUMAR K.S moved the resolution.

ഏഴാം യുജിസി റെഗുലേഷന്റെ ഭാഗമായി എയ്ഡഡ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം നേരിട്ടുള്ള സെലക്ഷൻ പ്രക്രിയയിലൂടെ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ, ഗവൺമെന്റിൽ നിന്നുള്ള മുൻകൂർ അനുവാദവും വിഷയ വിദഗ്ധന്റെ പേരും ലഭിച്ചാൽ മാത്രമേ സ്ഥിരം പ്രിൻസിപ്പൽമാരുടെ നിയമനം ആവശ്യമായ പത്രപരസ്യം നൽകാനും മറ്റു നടപടികൾ ആരംഭിക്കാനും കഴിയൂ. സർവ്വകലാശാല പ്രിൻസിപ്പൽ ഇൻ ചാർജ് നിയമന കാലാവധി മൂന്നുമാസം മാത്രമായി പരിമിതപ്പെടുത്തി നൽകുന്നത് ജീവനക്കാരുടെ ശമ്പളവും മറ്റ്

ആനുകൂല്യങ്ങളും നൽകാൻ സാധിക്കാത്ത തരത്തിലുള്ള ഭരണ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് പ്രിൻസിപ്പൽ ഇൻ ചാർജ് കാലാവധി ആറുമാസമോ പുതിയ പ്രൻസിപ്പൽ നിയമിക്കപ്പെടുന്നതുവരെയോ ആയി ദീർഘിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.18 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി

5.19 ഈ വിഷയം ന്യായമാണെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. ഡോ. ടി.പി. അഷ്റഫ് ഈ നിലപാടിനെ പിന്തുണച്ചു.

5.20 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.3

<u>Sri. K.V. UNNIKRISHNAN</u> moved the resolution.

പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ മൂല്യനിർണ്ണയം നടത്തിയതിനുള്ള വേതനം വർഷങ്ങളായി ക്യാമ്പിന്റെ അവസാന ദിനം കൊടുക്കുന്ന പതിവ് തടസ്സപ്പെട്ടിരിക്കയാണ്. അതോടൊപ്പം കോളേജുകളിൽ നടക്കുന്ന ഇൻവിജിലേഷൻ, പ്രൊജക്ട്, വൈവ എന്നിവയുടെ വേതനവും കൊടുത്തു തീർക്കുവാനുണ്ട്. മുമ്പ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിധിയിലായിരുന്നപ്പോൾ മൂല്യ നിർണ്ണയം കഴിയുന്ന അന്ന് തന്നെ വേതനം നൽകിവരാറുള്ള സ്ഥലത്താണ് ഇപ്പോൾ വേതനം നൽകാൻ വർഷങ്ങൾ തന്നെ എടുക്കുന്നത്. ആയതിനാൽ അദ്ധ്യാപകരുടെ വിശേഷിച്ച് സ്വാശ്രയ കോളേജ് അദ്ധ്യാപകരുടെ കുടിശ്ശികയായി കിടക്കുന്ന വേതനം എത്രയും പെട്ടെന്ന് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.21 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

5.22 അദ്ധ്യാപകരുടെ കുടിശ്ശികയായ വേതനം വിതരണം ചെയ്യണമെന്നതിനെ അംഗീകരിക്കുന്നുവെന്നും ചെയർമാൻ ബില്ലുകൾ സമർപ്പിക്കുന്ന മുറക്ക് വേതനം നൽകുന്നുണ്ടെന്നും കാലതാമസം ഉണ്ടാകുന്നില്ലെന്നും ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. ഓൺലൈനിലൂടെ മാർക്ക് ലിസ്റ്റ് എൻട്രി ചെയ്യുമ്പോൾ തന്നെ ഓരോ ആളും എത്ര പേപ്പർ വാല്യു ചെയ്തു എന്നും ഏത് ചീഫിന്റെ കാഴിലാണ് എന്നുമറിയാമെന്നും അനാവശ്യമായ കാലതാമസം ഒഴിവാക്കാൻ പുതിയ ടെക്നോളജിയിൽ ചെറിയ മാറ്റം വരുത്തി ഉപയോഗിക്കണമെന്നും പ്രമേയവതാരകൻ ചർച്ചയിലിടപെട്ടു കൊണ്ട് അഭിപ്രായപ്പെട്ടു. തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ ഇത് അംഗീകരിക്കേണ്ടതാണെന്നും എത്ര പേപ്പർ വാല്യു ചെയ്തു എന്നും ഒരു പേപ്പറിനുള്ള ചാർജും അറിയുന്ന സ്ഥിതിക്ക് ബില്ലിന്റെ ആവശ്യമില്ലാതെ തന്നെ വേതനം നൽകണമെന്നും അഭിപ്രായപ്പെട്ടു.

5.23 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.4

<u>Smt. SONA.P</u> moved the resolution.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ വിവിധ വിഷയങ്ങളിൽ മതിയായ ഗവേഷണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും

ഗവേഷണ അവസരങ്ങൾ നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ എയ്ഡഡ് കോളേജുകളിൽ രണ്ട് ഗവേഷണ ഗൈഡുകൾ ഉള്ള യുജി ഡിപ്പാർട്ട്മെന്റുകളെയും ഒരു ഗവേഷണ ഗൈഡ് ഉള്ള പിജി ഡിപ്പാർട്ട്മെന്റുകളെയും പരിഗണിച്ച് കൂടുതൽ വിഷയങ്ങളിൽ ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങി ഈ പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കണ്ടെത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.24 ശ്രീ ഉണ്ണികൃഷ്ണൻ കെ.വി പിന്താങ്ങി.

5.25 സർവ്വകലാശാലയിൽ ആവശ്യത്തിന് ഗൈഡുകൾ ഇല്ലെന്നും ഗൈഡ്ഷിപ്പ് കഴിയുന്നത്ര വർദ്ധിപ്പിക്കണമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. വീടിനടുത്തുതന്നെ റിസർച്ച് ചെയ്യണമെന്ന ആവശ്യം നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. തന്റെ കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ റിസേർച്ച് സെന്റർ തുടങ്ങാൻ സൗകര്യങ്ങളുണ്ടെന്നും പക്ഷെ നിലവിലെ നിയമം അത് അനുവദിക്കുന്നില്ലെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. അദ്ധ്യാപകർ കൂടുതൽ സമയവും കോളേജിലായിരിക്കുമെന്നും ഇതു കാരണം വിദ്യാർത്ഥികൾക്ക് ഗൈഡുമാരെ നേരിട്ട് കാണാൻ കഴിയുന്നില്ലെന്ന പരാതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. കോഴ്സ് വർക്ക് കഴിഞ്ഞാൽ ഗൈഡുമാരെ നേരിട്ട് കാണേണ്ട ആവശ്യമില്ലെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ലാബ് സൗകര്യമുള്ള കോളേജാണെങ്കിൽ ഒരു ഗൈഡ് ആണ് ഉള്ളതെങ്കിലും റിസർച്ച് സെന്റർ അനുവദിക്കണമെന്ന് ഡോ. പ്രസാദൻ പി.കെ അഭിപ്രായപ്പെട്ടു. ഡോ. വിജയൻ കെ, ഡോ. കെ.ടി ചന്ദ്രമോഹനൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. പ്രമേയം സഭ പാസ്സാക്കാമെന്നും തുടർ നടപടികൾ എടുക്കുന്ന കാര്യം പിന്നീട് വിശദമായി ചർച്ച ചെയ്യാമെന്നും ചെയർ അഭിപ്രായപ്പെട്ടു.

5.26 തുടർന്ന് പ്രമേയം സഭ അംഗീകരിച്ചു.

Resolution No.5

Dr. SWARUPA.R moved the resolution.

കണ്ണൂർ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും പരീക്ഷയുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.27 ശ്രീ. വിജയകുമാർ വി പ്രമേയത്തെ പിന്താങ്ങി

5.28 സർക്കാരിൽ നിന്ന് തന്നെ ഇത്തരം നിർദ്ദേശം വന്നിട്ടുള്ളതിനാൽ പ്രമേയം പരിഗണിക്കേണ്ടതുണ്ടോ എന്ന് ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ശ്രീ. വിജയകുമാർ വി അഭിപ്രായപ്പെട്ടു. 18 വയസ്സ് കഴിഞ്ഞ എല്ലാവർക്കും മുൻഗണനാ ക്രമത്തിൽ വാക്സിൻ നൽകാൻ സർക്കാർ തന്നെ മുന്നോട്ട് വന്നിരിക്കുകയാണെന്നും കണ്ണൂർ സർവ്വകലാശാലയിലെ ഏതാണ്ട് മുഴുവൻ വിദ്യാർത്ഥികൾക്കും വാക്സിൻ ലഭിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ഇത്തരമൊരു പ്രമേയത്തിന്റെ ആവശ്യമില്ലെന്നും യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ അഡ്വ. എം.കെ

ഹസ്സൻ അഭിപ്രായപ്പെട്ടു. പ്രമേയത്തിന്റെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യുന്നില്ലെന്നും സർക്കാർ തന്നെ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയ സാഹചര്യത്തിൽ പ്രമേയത്തിന് പ്രസക്തിയില്ലെന്ന് ഡോ. ടി.പി അഷ്‌റഫ്, ഡോ. കെ.ടി ചന്ദ്രമോഹനൻ എന്നിവർ അഭിപ്രായപ്പെട്ടു. പ്രമേയം പോസിറ്റീവായി പരിഗണിച്ച് പാസ്സാക്കണമെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. നടപ്പാക്കാത്ത കാര്യങ്ങൾ നടപ്പാക്കി കിട്ടാനാണ് പ്രമേയം വേണ്ടതെന്നും നിലവിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് പ്രമേയം ആവശ്യമില്ലെന്നും ഡോ. ജോബി കെ ജോസ് അഭിപ്രായപ്പെട്ടു. ഇതിനോട് യോജിച്ചു വൈസ് ചാൻസിലർ പ്രമേയം ഒഴിവാക്കുന്നതായി അറിയിച്ചു.

Resolution No.6

Dr. VIJAYAN. K moved the resolution.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലയായ കാസറഗോഡിൽ നിലവിൽ നിയമ പഠനത്തിന് അവസരങ്ങളില്ല. ആയതിനാൽ കാസറഗോഡ് ജില്ലയിലെ ക്യാമ്പസുകളിൽ എൽ.എൽ.ബി. കോഴ്സ് ആരംഭിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.29 ശ്രീ. ജയകൃഷ്ണൻ ടി.വി പ്രമേയത്തെ പിന്താങ്ങി.

5.30 LLM കോഴ്സ് ഉടൻ ആരംഭിക്കുമെന്നും നാക് സന്ദർശനത്തിനു ശേഷം LLB സെന്ററിന്റെ അംഗീകാരത്തിനായി ബാർ കൗൺസിലിനെ സമീപിക്കുമെന്നും വൈസ് ചാൻസിലർ സഭയെ അറിയിച്ചു.

5.31 പ്രമേയം സഭ പാസ്സാക്കി.

Resolution No.7

Smt. SONA.P moved the resolution.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള കോളേജുകളിലെ അനധ്യാപകർക്ക് പലപ്പോഴും ആവശ്യമായ പരിശീലനം ലഭിക്കാത്തതിനാൽ കോളേജുകളും യൂണിവേഴ്സിറ്റിയുമായുള്ള ഔദ്യോഗിക ഇടപാടുകളിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പുതിയ സാങ്കേതിക സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനായി അനദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.32 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

5.33 കോളേജിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ടത് കോളേജുകൾ തന്നെയല്ലേയെന്ന് വൈസ് ചാൻസിലർ ചോദിച്ചു. പ്രമേയത്തിന് പ്രസക്തിയുണ്ടെന്നും ഇക്കാര്യത്തിൽ സർവ്വകലാശാലക്ക് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണമെന്നും ശ്രീ. വിജയകുമാർ വി അഭിപ്രായപ്പെട്ടു. ഡോ. ആർ.കെ ബിജുവും ചർച്ചയിൽ പങ്കെടുത്തു.

5.34 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.8

Dr. ISMAIL OLAYIKKARA moved the resolution.

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും വിദ്യാഭ്യാസ കൗൺസിലിന്റെയും നേതൃത്വത്തിൽ പുതിയ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽ എം എസ്)

നടപ്പിലാക്കാൻ തീരുമാനിച്ചത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഗൗരവവും കാര്യക്ഷമതയും ഉറപ്പു വരുത്താൻ സഹായിക്കും. ഇത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗുണപ്രദമാണ്. പ്രസ്തുത തീരുമാനമെടുത്ത കേരള ഗവൺമെന്റിനെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് പരിചയപ്പെടുത്താൻ വേണ്ടി യൂണിവേഴ്സിറ്റി തലത്തിൽ ശില്പശാല സംഘടിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.35 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

5.36 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Dr. JOBY K JOSE moved the resolution.

2018 ൽ കണ്ണൂർ സർവ്വകലാശാലയിൽ ആരംഭിച്ച റിസേർച്ച് ഡയറക്ടറേറ്റ് അമിത ജോലി ഭാരം മൂലം നിലവിലുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. ഗവേഷണ പ്രബന്ധങ്ങളുടെ മൂല്യ നിർണ്ണയം, പി എച്ച് ഡി ഡിഗ്രി സർട്ടിഫിക്കേറ്റ് നൽകൽ, അധ്യാപകരുടെ പ്രോജക്ട് സെറ്റിൽമെന്റ്  തുടങ്ങിയ ജോലികൾ, സമയബന്ധിതമായി തീർക്കുന്ന തിനാവശ്യമായ അധിക ജീവനക്കാരെ റിസേർച്ച് ഡയരക്ടറേറ്റിൽ നിയമിച്ച് റിസേർച്ച് ഡയറക്ടറേറ്റിനെ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ അടിയന്തര മായി സ്വീകരിക്കണമെന്ന് സർവ്വകലാശാല അധികാരികളോട് ഈ പ്രമേയത്തി ലൂടെ അഭ്യർത്ഥിക്കുന്നു.

5.37 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

5.38 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.10

Sri. SHANAVAS S.M moved the resolution.

ജനറിക്ക് ഇലക്ടിവ് കോഴ്സു (ഓപ്പൺ കോഴ്സ്) മായി ബന്ധപ്പെട്ട് 29 ജൂലൈ 2021 ന് യൂണിവേഴ്സിറ്റി ഇറക്കിയ ഓർഡർ പ്രകാരം കോളേജുകളിൽ ഓരോ ഡിപ്പാർട്ട്മെന്റും രണ്ടു മുതൽ അഞ്ചു വരെ കോഴ്സുകൾ ഓഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. മറ്റുള്ള വിഷയങ്ങൾ പോലെ കൺടിന്യുസ് ഇവാല്യുഷനും 20 മാർക്കിനുള്ള സെമസ്റ്റർ ഇവാല്യുഷനും ഈകോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുണ്ട്. ആഴ്ചയിൽ 2 മണിക്കൂർ ഉപയോഗിച്ച് 2 മുതൽ 5 വരെയുള്ള കോഴ്സുകൾ ഏത് രീതിയിൽ നടത്തും എന്നതിനെക്കുറിച്ച് ഏറെ ആശങ്കയുണ്ട്. മേൽ വിഷയത്തിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആശങ്ക പരിഹരിക്കുന്നതിന് ആവശ്യ മായ വ്യക്തത വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

5.39 ശ്രീമതി. ലത ഇ.എസ് പ്രമേത്തെ പിന്താങ്ങി.

5.40 ഇതുമായി ബന്ധപ്പെട്ട് കോളേജുകളിലെ CBCSS കോർഡിനേറ്റർമാരുടെ യോഗം സംഘടിപ്പിച്ചിരുന്നുവെന്നും 80 ഓളം പേർ യോഗത്തിൽ പങ്കെടുത്തിരുന്നുവെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. പ്രസ്തുത യോഗത്തിൽ സർവ്വകലാശാല തയ്യാറാക്കിയ ഗൈഡ്ലൈൻസ്

വിശദീകരിക്കുകയും അതിന്റെ Implementation എങ്ങനെയാണെന്ന് വിശദീകരിക്കുകയും ചെയ്തുവെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. Class room teaching നു പുറമെ കുട്ടികൾ തങ്ങൾക്ക് പഠിക്കേണ്ടത് സ്വയം തിരഞ്ഞെടുക്കുന്ന രീതിക്ക് അദ്ധ്യാപകരുടെ ജോലി ഭാരവുമായി ബന്ധമില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട ഗ്രൂപ്പിൽ ചർച്ച നടക്കുന്നുണ്ടെന്നും പ്രമേയത്തിന്റെ ആവശ്യമില്ലെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു.

5.41 ഒരു യോഗം സംഘടിപ്പിച്ചതു കൊണ്ട് മാത്രം ഈ വലിയ പ്രശ്നം തീരില്ലെന്ന് ശ്രീ. വിജയകുമാർ വി അഭിപ്രായപ്പെട്ടു. വിഷയത്തിൽ ഇനിയും വ്യക്തത വരാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിമർശനത്തിൽ കഴമ്പില്ലെന്നും ഒരു വിദ്യാർത്ഥി ക്ലാസ് റൂമിൽ നിന്ന് മാത്രമല്ല ഇത്തരം വിഷയങ്ങൾ പഠിക്കേണ്ടതെന്നും കൂടുതൽ ചോയ്സ് വിദ്യാർത്ഥികൾക്ക് കൊടുക്കാനുള്ള മാനസികാവസ്ഥ അദ്ധ്യാപകർക്ക് ഉണ്ടാവണമെന്നും ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. ഒന്നോ രണ്ടോ ചോയ്സ് മാത്രം നൽകുന്ന പഴയ രീതി തുടരാനാകില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രായോഗിക തലത്തിൽ ഇത് നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് പ്രമേയവതാരകൻ സഭയെ അറിയിച്ചു. ജനറിക് സമ്പ്രദായത്തെ വർക്ക്ലോഡുമായി ബന്ധപ്പെടുത്തുമ്പോഴുള്ള ഒരു വിഷയമാണിതെന്ന് ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. V th Semester നവംബറിൽ അവസാനിക്കാനിരിക്കേ പല കോളേജുകളിലും ജനറിക് കോഴ്സ് തുടങ്ങുന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. ചില വിഷയങ്ങൾക്ക് individual attention കൂടുകയും ചിലതിന് കുറയുകയും ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ട്. ഈ സാഹചര്യത്തിൽ ഈ അദ്ധ്യയന വർഷം ഇത് പുനപരിശോധിക്കണമെന്നും മെമ്പർ പറഞ്ഞു. എല്ലാ വർഷത്തിലും ഇംഗ്ലീഷ് ഓപ്പൺ കോഴ്സിന് കുട്ടികൾ കുറവാണെന്ന് ഡോ. രാഖി രാഘവൻ പറഞ്ഞു. ഈ വിഷയം പുനപരിശോധിക്കാമെന്ന് പറഞ്ഞ വൈസ് ചാൻസിലർ ചോദ്യപേപ്പർ ലളിതമാക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ടു.

5.42 സഭ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.11

Dr. ISMAIL OLAYIKKARA moved the resolution.

വൈജ്ഞാനിക രംഗത്ത് ഉണ്ടാകുന്ന പുത്തൻ സങ്കേതങ്ങളും പ്രവണതകളും അധ്യാപകരിലേക്ക് എത്തുന്നുണ്ട് എന്നകാര്യം ഉറപ്പുവരുത്താൻ യൂണിവേഴ്സിറ്റി അക്കാദമിക് സ്റ്റാഫ് കോളേജിൽ വിവിധ വിഷയങ്ങളിൽ വർഷം തോറും അഞ്ചുദിവസത്തെ നിർബന്ധിത അധ്യാപക പരിശീലന പരിപാടി നടത്തണം എന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.43 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

5.44 പ്രമേയം സ്വാഗതം ചെയ്യാവുന്നതാണെന്ന് ഡോ. ടി.പി അഷ്റഫ് അഭിപ്രായപ്പെട്ടു.

5.45 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.12

Dr. R.K. BIJU moved the resolution.

യുജിസി റെഗുലേഷൻ 2018 നമ്മുടെ സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടുള്ളത് 11/10/2019 നാണ്. ആയതിനാൽ പ്രസ്തുത റെഗുലേഷനിലെ ഇനം നമ്പർ 6.3.7 പ്രകാരം അദ്ധ്യാപകരുടെ പ്രൊമോഷന് തുടർന്നുള്ള മൂന്ന് വർഷത്തേക്ക് കൂടി യുജിസി റെഗുലേഷൻ 2010 ഉപയോഗിക്കുവാനുള്ള അവസരം 11/10/2019 മുതൽ 10/10/2022 വരെ നീട്ടി നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.46 ശ്രീ. ഷാനവാസ് എസ്.എം പ്രമേയത്തെ പിന്താങ്ങി.

5.47 നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്ന് ചെയ്യാൻ പറ്റുന്നതാണെങ്കിൽ അംഗീകരിക്കാമെന്ന് ഡോ. ടി.പി. അഷ്റഫ് അഭിപ്രായപ്പെട്ടു. ഇത് യു.ജി.സി. യോട് ആവശ്യപ്പെടുന്ന തരത്തിൽ പ്രമേയത്തിൽ മാറ്റം വരുത്തണമെന്ന് ഡോ. ജോബി കെ ജോസ് അഭിപ്രായപ്പെട്ടു. ഈ ഭേദഗതിയോടെ പ്രമേയം അംഗീകരിക്കാമെന്ന് ചെയറിലുണ്ടായിരുന്ന പ്രോ വൈസ് ചാൻസിലർ സഭയെ അറിയിച്ചു.

5.48 തുടർന്ന് ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

Resolution No.13

Dr. PREMACHANDRAN KEEZHOTH .

ജനറിക്ക് ഇലക്ടിവ് കോഴ്സുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ യൂനിവേഴ്സിറ്റി പുറത്തിറക്കിയ നിർദ്ദേശങ്ങളിൽ എല്ലാ ഡിപ്പാർട്ട്മെന്റുകളും 2 മുതൽ 5 വരെ കോഴ്സുകൾ ഓഫർ ചെയ്യാനും ക്ലാസ്റൂം പഠനത്തിന് പുറമെ പ്രോജക്ട്/ഗൈഡൻസ് മോഡിൽ ക്ലാസ്സുകൾ നടത്താനും നിർദ്ദേശിക്കുന്നു. ഒരു ഡിപ്പാർട്ട്മെന്റ് 5 കോഴ്സുകൾ ഓഫർ ചെയ്യുമ്പോൾ ഒരു കോഴ്സിന് അനുവദിച്ച വർക്ക് ലോഡ് 2 ൽ നിന്ന് 10 ആയി മാറും. അത് മൊത്തം വർക്ക്ലോഡിനെയും വിദ്യാർത്ഥികളുടെ പഠനത്തെയും സാരമായി ബാധിക്കും. അതേസമയം ഇവാലേഷൻ പഴയ 80% 20% മോഡിലും നടത്തുമ്പോൾ വിദ്യാർത്ഥികൾ തോറ്റുപോകാനുള്ള സാദ്ധ്യത വളരെയേറെയാണ്. അതിനാൽ ഇവാലേഷൻ രീതികൾ മാറ്റി, അദ്ധ്യാപകരുടെ വർക്ക് ലോഡിനെ ബാധിക്കാത്ത രീതിയിൽ നിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.49 പ്രമേയവതാരകൻ ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.14

Sri. K.V. UNNIKRISHNAN moved the resolution.

കേരളത്തിലെ മറ്റു സർവ്വകലാശാലകളിലെന്ന പോലെ കണ്ണൂർ സർവ്വകലാശാലയിലും MSW കോഴ്സിന് മൂന്ന് അദ്ധ്യാപകരാണ് ഓരോ കോളേജും നിയമിക്കാറ്. പക്ഷെ ഫീൽഡ് വർക്ക്, ഒന്നും രണ്ടും സെമസ്റ്ററിലെ ഓഡിറ്റ് കോഴ്സുകൾ, നാഷണൽ എൻ.ജി.ഒ സന്ദർശനം തുടങ്ങിയവ വർക്ക്ലോഡിൽ ഉൾപ്പെടുത്താത്തതിനാൽ അദ്ധ്യാപകർക്ക് കാര്യക്ഷമമായ പ്രവർത്തനം നടത്തുവാൻ കഴിയുന്നില്ല. മേൽപ്പറഞ്ഞ പരാതികൾ പരിശോധിച്ച് സാധ്യമായവ പരിഹരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.50 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

5.51 പ്രമേയത്തിൽ വ്യക്തതക്കുറവുണ്ടെന്ന് ഡോ. ടി.പി. അഷ്റഫ് അഭിപ്രായപ്പെട്ടു. ഈ വിഷയം BoS സ്വമേധയാ കണക്കിലെടുക്കേണ്ടതാണെന്ന് ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. ഇതിൽ അസാധാരണത്വം ഒന്നുമില്ലെന്ന് ശ്രീ. കെ.വി ഉണ്ണികൃഷ്ണൻ പറഞ്ഞു. ഈ വിഷയം അക്കാദമിക് കൗൺസിൽ മുമ്പാകെ വെക്കാമെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

5.52 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.15

Adv. M.K. HASSAN moved the resolution.

കണ്ണൂർ സർവ്വകലാശാലയുടെ യുജി/പി ജി കോഴ്സുകളുടെ പരീക്ഷാഫലം വളരെ പെട്ടെന്ന് പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി കൂടുന്നുണ്ട് എന്നത് ഗൗരവമായി പരിഗ ണിക്കേണ്ടതാണ് യുജി കോഴ്സുകൾക്ക് 445/- രൂപയും, പിജി -പ്രൊഫഷണൽ കോഴ്സുകൾക്ക് 775/ രൂപയുമാണ് നിലവിലെ പുനർ മൂല്യനിർണയ അപേക്ഷ ഫീസ്. പല വിദ്യാർത്ഥികൾക്കും പുനർമൂല്യനിർണ്ണയത്തിലൂടെ 30 ശതമാനത്തില ധികം മാർക്ക് കൂടുതൽ ലഭിക്കാറുണ്ട്. യഥാർത്ഥത്തിൽ വിദ്യാർത്ഥികൾ ഇക്കാര്യ ത്തിൽ നിസ്സഹായകരാണ്. മൂല്യനിർണ്ണയത്തിൽ സംഭവിക്കുന്ന വീഴ്ചകൾ മൂലം സമയ നഷ്ടവും സാമ്പത്തിക നഷ്ടവും വിദ്യാർത്ഥികൾക്കുണ്ടാകുന്നു. ആയത് പരിഹരിക്കുന്നതിനും നിശ്ചിത ശതമാനത്തിലധികം മാർക്ക് ലഭിക്കുന്ന വിദ ്യാർത്ഥികൾക്ക് പുനർ മൂല്യനിർണ്ണയ ഫീസ് മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.53 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

5.54 പ്രമേയത്തിന്റെ ആശയം ഉൾക്കൊള്ളുന്നുണ്ടെന്നും അദ്ധ്യാപകർ വാല്യുവേഷന്റെ ഗൗരവ സ്വഭാവം കുറയുന്നുണ്ടോ എന്ന് സ്വയം പരിശോധന നടത്തണമെന്നും ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു. അർഹതപ്പെട്ട കുട്ടികൾക്ക് പണം തിരിച്ച് കൊടുക്കേണ്ടതിനാൽ Liability ടീച്ചർക്ക് വരുമെന്നും അതൊഴിവാക്കാൻ കുട്ടികൾക്ക് അർഹതപ്പെട്ട മാർക്ക് നൽകുന്നില്ലെന്നും 10% എന്ന റേഞ്ച് വർദ്ധിപ്പിക്കണമെന്നും ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു. സഹപ്രവർത്തകർക്ക് ദോഷം വരുമെന്ന് കരുതി കുട്ടികൾക്ക് ലഭിക്കേണ്ട മാർക്ക് suppress ചെയ്യുന്നുണ്ടെന്ന ഡോ. വിജയൻ കെ യുടെ പ്രസ്താവന ശരിയല്ലെന്ന് ഡോ. ഇസ്മായിൽ ഓലായിക്കര പറഞ്ഞു. ഈ വിഷയം സിന്റിക്കേറ്റിന്റെ ഉപസമിതി പരിഗണിക്കട്ടേയെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

5.55 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.16

Dr. R.K. BIJU moved the resolution.

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളിൽ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തു കിടക്കുന്ന കോളേജുകളിലെ

അദ്ധ്യാപകർക്ക് ഗവേഷണം നടത്തുന്നതിനു വേണ്ടി ഗൈഡ്ഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.56 ശ്രീ. കെ.വി ഉണ്ണികൃഷ്ണൻ പ്രമേയത്തെ പിന്താങ്ങി.

5.57 പ്രമേയത്തിന് വ്യക്തതക്കുറവുണ്ടെന്ന് ഡോ. സുരേഷ്കുമാർ കെ.എസ് അഭിപ്രായപ്പെട്ടപ്പോൾ വൈസ് ചാൻസിലർ അത് ശരിവച്ചു. റിസർച്ച് സ്കോളേഴ്സിനെ അക്കോമഡേറ്റ് ചെയ്യാനുള്ള ഭൗതിക സാഹചര്യം ഡിപ്പാർട്ട്മെന്റിൽ ഉണ്ടാവണം. കണ്ണൂർ സർവ്വകലാശാലയിൽ പല സയൻസ് ഡിപ്പാർട്ട്മെന്റുകളിലും പുതിയ അദ്ധ്യാപകരും അവരുടെ കൂടെ റിസേർച്ച് സ്കോളേഴ്സും വന്നിട്ടുണ്ട്. നിലവിൽ ഡിപ്പാർട്ട്മെന്റിലുള്ള ഗൈഡുകൾക്ക് കീഴിലുള്ള സ്കോളേഴ്സിനു പോലും ഗവേഷണം നടത്താൻ ഭൗതിക സാഹചര്യമില്ലാത്തതിനാൽ external guides കൂടുതലായി വരുന്നത് പ്രയാസം സൃഷ്ടിക്കുമെന്നും ഡിപ്പാർട്ട്മെന്റുകളിൽ ലാബ് സൗകര്യം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യം ഉണ്ടാവണമെന്നും ഡോ. ജോബി കെ ജോസ് പറഞ്ഞു. എയ്ഡഡ് കോളേജ് അദ്ധ്യാപകർ സർവ്വകലാശാലയിൽ കെമിസ്ട്രി, ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ഗൈഡ്ഷിപ്പ് അനുവദിക്കുന്നില്ലെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു. ഇത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് കൗൺസിൽ പരിഗണിക്കേണ്ടതാണെന്നും സെനറ്റിന് തീരുമാനിക്കാൻ കഴിയില്ലെന്നും ശ്രീ. സാജു പി.ജെ പറഞ്ഞു. ഗൈഡുകൾ സർവ്വകലാശാലയിൽ കുറവുണ്ടെന്ന് പറഞ്ഞ വൈസ് ചാൻസിലർ, ഗൈഡ്ഷിപ്പിനായി വരുന്നവർക്ക് മതിയായ സൗകര്യം ചെയ്തു കൊടുക്കണമെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

5.58 സയൻസ് വിഷയത്തിൽ എയ്ഡഡ് കോളേജിലെ അദ്ധ്യാപകർക്ക് ഗൈഡ്ഷിപ്പ് അനുവദിച്ചിട്ടുണ്ടെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞത് ശരിയല്ലെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. പ്രസാദൻ പി.കെ അഭിപ്രായപ്പെട്ടു. വസ്തുതകൾ കാണാതെ സംസാരിച്ചിട്ട് കാര്യമില്ലെന്നും ഡിപ്പാർട്ട്മെന്റിലെ ഭൗതിക സാഹചര്യം വിലയിരുത്തി മാത്രമേ തീരുമാനിക്കാൻ കഴിയുവെന്നും ഡോ. കെ.ടി ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു.

5.59 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.17

<u>Sri. K.V. UNNIKRISHNAN</u> moved the resolution.

കോവിഡ് മഹാമാരിമൂലം സർവ്വകലാശാലകളുടെ പരിധിയിലുള്ള സ്വാശ്രയ കോളേജുകളിൽ നല്ലൊരു ശതമാനം ഊർദ്ധശ്വാസം വലിക്കുകയാണ്. കോവിഡ് മൂലം ജോലിയും സ്ഥിരവരുമാനവും നഷ്ടപ്പെട്ട രക്ഷിതാക്കൾക്ക് തങ്ങളുടെ സന്താനങ്ങളുടെ ഫീസ് അടക്കാനുള്ള കഴിവ് നഷ്ടപ്പെട്ടു. തന്മൂലം വിദ്യാർത്ഥിക ളിൽ വലിയൊരു ശതമാനം കൊഴിഞ്ഞു പോവുകയോ, പഠിപ്പ് അവസാനിപ്പിച്ച് മറ്റ് തൊഴിൽ തേടുകയോ ചെയ്തു. സ്വാശ്രയ കോളേജുകളിൽ അദ്ധ്യാപക അനദ്ധ്യാ പകരുടെ ശമ്പളം പൂർണ്ണമായും വിദ്യാർത്ഥികളുടെ ഫീസിനെ ആശ്രയിച്ചായതി നാൽ പലർക്കും മാസങ്ങളായി ശമ്പളം കുടിശ്ശികയാണ്. സർവ്വകലാശാലയുടെ

കീഴീൽ വരുന്ന (70%) എഴുപത് ശതമാനത്തോളം വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം ഈ സ്വാശ്രയ കോളേജുകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത് ആയതിനാൽ ഈ വിഷയത്തിൽ സ്വാശ്രയ കോളേജുളെ രക്ഷിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

5.60 ശ്രീ. വിജയകുമാർ വി പ്രമേയത്തെ പിന്താങ്ങി.

5.61 സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ ഓർഡിനൻസ് ഇറക്കിയിട്ടുണ്ടെന്നും അതിൽ സേവന വേതന വ്യവസ്ഥകൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ശമ്പളം കിട്ടാത്ത സാഹചര്യത്തിൽ എന്തു ചെയ്യണമെന്ന് പറയുന്നുണ്ടെന്നും ഡോ. ടി.പി അഷ്റഫ് അഭിപ്രായപ്പെട്ടു. മാനേജ്മെന്റ് സീറ്റിലേക്ക് വലിയ തുക വാങ്ങിയാണ് അഡ്മിഷൻ നടത്തുന്നതെന്നും എന്നിട്ടും ശമ്പളം കൃത്യമായി നൽകുന്നില്ലെങ്കിൽ സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് സർവ്വകലാശാലയേയോ ലേബർ കോടതിയേയോ സമീപിക്കാമെന്നും ഇത്തരം പ്രമേയത്തിന്റെ ആവശ്യമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാശ്രയ കോളേജ് അദ്ധ്യാപകരുടെ ശമ്പളം തീരുമാനിക്കുന്നത് മാനേജ്മെന്റ് ആണെന്നും വിദ്യാർത്ഥികളിൽ നിന്നും വാങ്ങുന്ന ഫീസ് എത്രയെന്ന് പോലും സർവ്വകലാശാല അറിയുന്നില്ലെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നുവെന്ന വാദം ശരിയല്ല. കോവിഡ് കാലത്ത് പോലും ഭീമമായ ഫീസാണ് സ്വാശ്രയ കോളേജുകൾ വാങ്ങുന്നത്. ഈ വിഷയം സർവ്വകലാശാല പരിഗണിക്കേണ്ട വിഷയമല്ലെന്നും അതിനാൽ പ്രമേയം തള്ളിക്കളയണമെന്നും ശ്രീ. സാജു പി.ജെ പറഞ്ഞു.

5.62 പ്രമേയത്തിൽ സ്വാശ്രയ സ്ഥാപനത്തിൽ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നുവെന്നും അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്നുമുള്ള രണ്ടു കാര്യങ്ങളാണ് പറയുന്നതെന്ന് ഡോ. ജോബി കെ ജോസ് പറഞ്ഞു. അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെങ്കിൽ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നത് സ്വാഭാവികമാണ്. സർവ്വകലാശാലക്കോ സെനറ്റിനോ ഒന്നും ചെയ്യാനില്ലെന്നും ഡോ. ജോബി കെ ജോസ് അഭിപ്രായപ്പെട്ടു.സ്വാശ്രയ കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത് സർവ്വകലാശാലയാണെന്നും അത് കൊണ്ട് പ്രശ്നത്തിൽ സർവ്വകലാശാല ഇടപെടണമെന്നും ശ്രീ. കെ.വി ഉണ്ണികൃഷ്ണൻ പറഞ്ഞു. കോവിഡ് കാലത്ത് 3 ഗഡുക്കളായി ഫീസ് നൽകാമെന്ന സർവ്വകലാശാലയുടെ തീരുമാനം നടപ്പാക്കാൻ പല സ്വാശ്രയ കോളേജുകളും തയ്യാറായിട്ടില്ലെന്നും അതുകൊണ്ട് ശമ്പളം കിട്ടാത്ത അവസ്ഥ എങ്ങിനെയാണ് ഉണ്ടാവുന്നതെന്നും അഡ്വ. എം.കെ ഹസ്സൻ പോദിച്ചു.

5.63 തുടർന്ന് സഭ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.18

<u>Smt. SONA.P</u> moved the resolution.

ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാന സവിശേഷതയായി ബഹുസ്വരത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അടുത്ത കാലത്തായി ഏകശിലാത്മകമായ സംസ്കാരത്തെ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന പ്രവണതകൾ വർദ്ധിച്ചു വരുന്നുണ്ട്. സംസ്കാരത്തിന്റെ ബഹുസ്വരതയിലൂന്നി മൾട്ടി കൾച്ചറലിസം എന്ന

വിഷയം നമ്മുടെ സിലബസിൽ ഉൾപ്പെടുത്തണമെന്നും ഈ വിഷയത്തെ ആസ്പദമാക്കി ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെ ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ പ്രഭാഷണ പരമ്പര സംഘടിപ്പിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.64 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

5.65 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.19

Adv. M.K. HASSAN moved the resolution

2020- 21 അധ്യയന വർഷത്തെ കണ്ണൂർ സർവ്വകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ 31-12-2020 ന് വിജ്ഞാപനം ചെയ്തതാണ്. പക്ഷെ പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് തുടർനടപടികൾ ഒന്നും പൂർത്തികരിച്ചിട്ടില്ല. എല്ലാ കോഴ്സുകളുടെയും സിലബസ്സ് പ്രസിദ്ധീകരിക്കുകയോ വെരിഫിക്കേഷനുവേണ്ടി സർവ്വകലാശാലയിലേക്ക് അയച്ച് കൊടുത്ത് സർട്ടിഫിക്കറ്റുകൾ നടപടി ക്രമങ്ങൾ പൂർത്തികരിച്ച തിരിച്ച് നൽകുകയോ ചെയ്യുതിട്ടില്ല. അതിനാൽ പ്രൈവറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തികരിച്ച് വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കണമെന്ന് ഈ പ്രമേയത്തിലുടെ ആവശ്യപ്പെടുന്നു.

5.66 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

5.67 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.20

Sri. JAYAKRISHNAN T.V.

കണ്ണൂർ സർവ്വകലാശാല UGC-HRDC യിലെ 2021-22 വർഷത്തെ കോഴ്സുകൾ എത്രയും പെട്ടെന്ന് ആരംഭിക്കാനുളള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.68 പ്രമേയാവതാരകൻ ശ്രീ. ജയകൃഷ്ണൻ ടി.വി പ്രസ്തുത വിഷയത്തിന്റെ ഉത്തരം ചോദ്യോത്തര വേളയിൽ വന്നത് കൊണ്ട് പ്രമേയം പിൻവലിക്കുകയാണെന്ന് അറിയിച്ചു.

Resolution No.21

Smt. LATHA. E.S moved the resolution

The syllabus for B A English Language and Literature has “English Literature in Context” by Paul Poplawski as one of the core prescribed texts. This text is the prescribed text for Third, Fourth and Fifth Semesters with seven papers. The text mainly focuses on British History. It is a very scholarly book which is more of a reference book than a text book. Though a few literary texts are included in it, very little space is provided for literature as such. Instead there is an overdose of history of Great Britain. The Senate resolves to look into this setback and direct the Board of Studies to

reconsider redesign and make necessary changes so that the study of literature until equip the students to face competitive exams like NET, JRF and so on.

5.69 ശ്രീമതി. ലത ഇ.എസ് ഈ വിഷയം അക്കാദമിക് കൗൺസിൽ പരിഗണിക്കേണ്ടതാണെന്നും സെനറ്റിൽ ഉന്നയിക്കുന്നത് ചർച്ച നടത്താനാണെന്നും പറഞ്ഞു. തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ ഈ വിഷയം അക്കാദമിക് കൗൺസിലാണ് പരിഗണിക്കേണ്ടതെന്നും ചർച്ച അവിടെ നടത്താമെന്നും അറിയിച്ചു.

5.70 തുടർന്ന് വൈസ് ചാൻസിലർ പ്രമേയം ഒഴിവാക്കുന്നതായി അറിയിച്ചു.

Resolution No.22

Dr. SURESHKUMAR K.S moved the resolution

യൂണിവേഴ്സിറ്റി പരീക്ഷകളിൽ ചോദ്യപേപ്പർ ഔട്ട് ഓഫ് സിലബസ് ആയി വരുന്നത് കൊണ്ട് പലപ്പോഴും പരീക്ഷകൾ മാറ്റി വയ്ക്കേണ്ടി വരുന്ന സാഹചര്യം വരുന്നുണ്ട്. ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം എത്രയും വേഗം നടപ്പിൽ വരികയാണെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാനാവും.അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇത് ഉപകാരപ്രദമായിരിക്കും. യൂണിവേഴ്സിറ്റിക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള സമയനഷ്ടവും സാമ്പത്തിക ബാധ്യതയും ഇല്ലാതാക്കാൻ സാധിക്കും. വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസ് കുറച്ച് അവർക്ക് ആശ്വാസം പകരാനും ഈ സംവിധാനം സഹായകമാകുമെന്നതിനാൽ എത്രയും വേഗം ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.71 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

5.72 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.23

Dr. SHANOJ M P moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിഗ്രി പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിൽ വരുന്ന കാലതാമസം അവരുടെ ഉപരി പഠനവും തൊഴിൽ സാധ്യതകളും പ്രതിസന്ധിയിലാക്കുന്നു. അതുകൊണ്ട് ഡിഗ്രി പ്രോഗ്രാം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ആറുമാസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.73 ഡോ. ഷനോജ് എം.പി സർവ്വകലാശാലയിൽ റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുന്നതിനാൽ അദ്ദേഹത്തിന്റെ പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കണമെന്ന് ശ്രീമതി. സോന പി അഭ്യർത്ഥിച്ചു. ഇത് അനുവദിക്കാൻ കഴിയില്ലെന്ന് ശ്രീമതി. ലത ഇ.എസ് അഭിപ്രായപ്പെട്ടു. തുടർന്ന് ഇടപെട്ട വൈസ് ചാൻസിലർ പ്രമേയം അവതരിപ്പിക്കാൻ അനുവാദം നൽകാൻ ചെയറിന് അധികാരമുണ്ടെന്ന് അറിയിച്ചു.

5.74 തുടർന്ന് ഡോ. ഷനോജ് എം.പി ക്ക് വേണ്ടി ശ്രീമതി. സോന പി പ്രമേയം അവതരിപ്പിച്ചു.

5.75 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

5.76 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.24

Sri. VIJAYAKUMAR. V moved the resolution

ഒരു സർവ്വകലാശാലയുടെ പരമോന്നത ബോഡിയായ സിൻഡിക്കേറ്റ് എടുക്കുന്ന തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും പിന്നീട് പൊതുജനങ്ങളെ മാധ്യമങ്ങളിലൂടെയും മറ്റും അറിയിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് എടുത്ത തീരുമാനങ്ങളിൽ പലതും രാഷ്ട്രീയ സംഘടനകളുടെ ഇടപെടൽ മൂലം മാസങ്ങളായി നടപ്പിലാക്കാതെയും വരുന്നു. ഈ കാര്യത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ മീറ്റിംഗിൽ പങ്കെടുത്ത സിൻഡിക്കേറ്റ് മെമ്പർമാർക്കുപോലും തങ്ങളുടെ തീരുമാനങ്ങൾ നടപ്പിലാക്കാത്തതിൽ യാതൊരു വിധ സങ്കോചവുമില്ല. പൊതുജനങ്ങളും മാധ്യമങ്ങളെയും അറിയിച്ച തീരുമാനങ്ങൾ മാസങ്ങളായും നടപ്പിലാക്കാതിരിക്കുമ്പോൾ അതിനുള്ള കാരണങ്ങൾ കൂടി ബോധ്യപ്പെടുത്തി ക്കൊണ്ട് സർവ്വകലാശാലയുടെയും സിൻഡിക്കേറ്റിന്റെയും യശസ്സിന് കളങ്ക മേൽക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.77 ശ്രീമതി ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

5.78 പ്രമേയം തള്ളിക്കളയണമെന്ന് ശ്രീ. സാജു പി.ജെ, ശ്രീമതി. സോന പി, ശ്രീ. പ്രമോദ് കുമാർ എന്നിവർ അഭിപ്രായപ്പെട്ടു. സർവ്വകലാശാലയെ അപകീർത്തിപ്പെടുത്താനുള്ള പ്രമേയമാണിതെന്നും അത് തള്ളിക്കളയണമെന്നും അഡ്വ. എം.കെ ഹസ്സൻ പറഞ്ഞു. ഇത് ഒരു ആരോപണം മാത്രമാണെന്നും അതിനാൽ പ്രമേയം തള്ളിക്കളയുന്നുവെന്നും വൈസ് ചാൻസിലർ സഭയെ അറിയിച്ചു.

Resolution No.25

Dr. SHANOJ M P.

കോവിഡ് കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഓൺലൈൻ സംവിധാനത്തിലൂടെ പഠന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടെങ്കിലും സ്വാഭാവികമായ കലാലയ അന്തരീക്ഷത്തിലുള്ള പഠനം സാധ്യമാകാത്തത് വിദ്യാർത്ഥികളിൽ വിഷാദ രോഗവും മാനസിക പിരിമുറുക്കവും സൃഷ്ടിക്കുന്നുണ്ട്. ഈ പ്രതിസന്ധിയിൽ വിദ്യാർത്ഥികളെ സഹായിക്കാൻ അധ്യാപകർക്ക് പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്നും കൗൺസിലേഴ്സ് ക്ലസ്റ്റർ രൂപീകരിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാനുള്ള നടപടി സർവ്വകലാശാല സ്വീകരിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.79 ഡോ. ഷനോജ് എം.പി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. സോന പി പ്രമേയം അവതരിപ്പിച്ചു.

5.80 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

5.81 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.26

Sri. SAJU P.J.

കണ്ണൂർ സർവ്വകലാശാലയിൽ കഴിഞ്ഞ മൂന്ന് വർഷത്തോളമായി രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ ജോയിന്റ് രജിസ്ട്രാർമാർക്ക് താത്കാലിക ചുമതലയാണ് നൽകിയിട്ടുള്ളത്. NAAC Peer Team ന്റെ രണ്ടാംഘട്ട പരിശോധന നമ്മുടെ സർവ്വകലാശാലയിൽ നടക്കാനിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സർവ്വകലാശാലയിൽ രജിസ്ട്രാറുടെയും ഫിനാൻസ് ഓഫീസറുടെയും നിയമനം ഉടൻ തന്നെ നടത്തണമെന്ന് പ്രമേയത്തിലൂടെ സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു.

5.82 ചോദ്യോത്തര വേളയിൽ ഈ വിഷയം പരിഗണനക്ക് വന്നതിനാൽ പ്രമേയം പിൻവലിക്കുകയാണെന്ന് ശ്രീ. സാജു പി.ജെ അറിയിച്ചു.

Resolution No.27

Smt. LATHA. E.S.

Sociology has been offered as a complementary course in affiliated colleges of Kannur University. The Senate resolved to form an Examination Board of Sociology. As of now the complementary papers are valued by teachers of the Social Work Department. Teachers who teach Sociology as complementary courses are not even included in the Board of Examiners. Hence through this resolution I pray that a separate board of examiners be set up for the valuation of Sociology answer scripts.

5.83 ചോദ്യോത്തര വേളയിൽ ഈ വിഷയം പരിഗണനക്ക് വന്നതിനാൽ പ്രമേയം പിൻവലിക്കുകയാണെന്ന് ശ്രീമതി. ലത ഇ.എസ് അറിയിച്ചു.

Resolution No.28

Dr. SURESHKUMAR K.S moved the resolution

യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ സമയബന്ധിതമായി പരിശോധനയ്ക്ക് അയക്കാത്തത് ഗവേഷണ വിദ്യാർത്ഥികളിൽ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. സമർപ്പിക്കപ്പെട്ട ഗവേഷണ പ്രബന്ധങ്ങൾ മൂന്നു മാസത്തിനുള്ളിൽ പരിശോധനയ്ക്ക് അയച്ച് പരമാവധി ഒരു വർഷത്തിനകം ഓപ്പൺ ഡിഫൻസ് നടത്തി ഫല പ്രഖ്യാപനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.84 ശ്രീ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

5.85 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.29

Dr. PREMACHANDRAN KEEZHOTH.

വിദൂരവിദ്യാഭ്യാസം റെഗുലർ സ്ട്രീമിൽ നിന്ന് തികച്ചും വ്യത്യസ്തമായതിനാലും, കണ്ണൂർ യൂനിവേഴ്സിറ്റി ജ്യുറിസ്ഡിക്ഷനിൽ തന്നെ ഉന്നത ബിരുദധാരികളും അന വധി തൊഴിൽ രഹിതരും ഉണ്ടെന്നിരിക്കെ അവരുടെ സേവനം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഉപയോഗിക്കുന്ന പോലെ പേപ്പർ മൂല്യ നിർണ്ണ യത്തിനും ഉപയോഗിക്കേണ്ടതാണ്. റെഗുലർ അദ്ധ്യാപകരുടെ അനുമതി പോലും ചോദിക്കാതെ റെഗുലർ വിദ്യാർത്ഥികളുടെ മൂല്യ നിർണ്ണയം നടത്താൻ തയ്യാറാ ക്കിയ ലിസ്റ്റ് അയച്ചുകൊടുത്ത് ഭീഷണിയുടെ സ്വരത്തിൽ നിർബ്ബന്ധിക്കുന്നതിൽ നിന്ന് പരീക്ഷാ വിഭാഗം പിൻമാറണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.86 ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അവതരിപ്പിക്കാനിരുന്ന പ്രമേയം ചെയറിന്റെ അനുമതിയോടെ ശ്രീ. വിജയകുമാർ വി അവതരിപ്പിച്ചു.

5.87 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

5.88 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.30

Sri. SAJU P.J moved the resolution

കണ്ണൂർ സർവ്വകലാശാലയുടെ തനത് വരുമാനം കുറയുകയും ചിലവ് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. യുജിസി 7 ആം ശമ്പള കമ്മീഷൻ പ്രകാരമുള്ള ശമ്പള വർദ്ധനവും, 11ആം ശമ്പള പരിഷ്കരണ കമ്മീഷൻ പ്രകാരം ജീവനക്കാരുടെ ശമ്പള വർദ്ധനവും, സർവ്വകലാശാലയിൽ അനുവദിച്ച 111 നോൺ ടീച്ചിങ്ങ് തസ്തികകളും, അദ്ധ്യാപക തസ്തികകളും, കോൺട്രാക്ട് ടീച്ചർമാരുടെയും ജീവനക്കാരുടെയും ശമ്പള വർദ്ധനവും തുടങ്ങിയ കാരണങ്ങളാൽ കണ്ണൂർ സർവ്വകലാശാലയുടെ ചിലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. സാങ്കേതിക കോഴ്സുകളും വിദൂര വിദ്യാഭ്യാസവും ഇല്ലാതാകുക കൂടി ചെയ്തതോടെ വരുമാനം വളരെയധികം കുറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ചിലവുകൾക്ക് ആനുപാതികമായി കണ്ണൂർ സർവ്വകലാശാലയ്ക്ക് നൽകി വരുന്ന നോൺ-പ്ലാൻഗ്രാന്റ് വർദ്ധിപ്പിച്ച് നൽകണമെന്ന് ഈ പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

5.89 ഡോ. ജോബി കെ ജോസ് പ്രമേയത്തെ പിന്താങ്ങി.

5.90 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.31

Dr. MANJULA. K.V.

കോവിഡ് സാഹചര്യത്തിൽ വളരെയധികം മാനസിക സംഘർഷം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് ക്ലാസുകൾ

ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.91 ഈ പ്രമേയം നേരത്തെ പരിഗണനയ്ക്ക് വന്നതിനാൽ ഇത് ഒഴിവാക്കുന്നതായി വൈസ് ചാൻസിലർ അറിയിച്ചു.

Resolution No.32

Dr. ISMAIL OLAYIKKARA moved the resolution

കോവിഡ് സാഹചര്യത്തിൽ യൂണിവേഴ്സിറ്റി പരിധിയിൽ പഠിക്കുന്ന നിർധന വിദ്യാർത്ഥികളുടെ ജീവിതം കൂടുതൽ പ്രതിസന്ധിയിൽ ആയിട്ടുണ്ട്. പലർക്കും തുടർ പഠനം പോലും അസാധ്യമായ സാഹചര്യം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് യൂണിവേഴ്സിറ്റി വിവിധ സംരംഭകരെ സഹകരിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ ചെയ്യാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ ഈ രംഗത്തെ വിദഗ്ധരുടെ സഹായത്തോടെ നടപ്പിൽ വരുത്തണം എന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.92 അഡ്വ. എം.കെ ഹസ്സൻ പ്രമേയത്തെ പിന്താങ്ങി.

5.93 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.33

Dr. MANJULA. K.V.

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഓൺലൈൻ അധ്യയനം കാര്യക്ഷമമാക്കുന്നതിനായി LMS പോലുള്ള പൊതുസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.94 തുടർ നടപടികൾ നടന്നുവരുന്നതിനാൽ ഈ പ്രമേയം പ്രസക്തമല്ലെന്നും ആയതിനാൽ പിൻവലിക്കുകയാണെന്നും ഡോ. മഞ്ജുള കെ.വി അറിയിച്ചു.

Resolution No.34

Adv. M.K. HASSAN moved the resolution

സർവ്വകലാശാലയിൽ ഒറിജിനൽ ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നു. ഇത് വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയാസം സൃഷ്ടിക്കുന്നു. ഉന്നത പഠനത്തിനും തൊഴിൽ നേടുന്നതിനുമുള്ള ഇന്നത്തെ പ്രയാസങ്ങൾ ലഘൂകരിക്കേണ്ടത് അത്യാവശ്യമാണ് അതിന് വേണ്ടി ഡിഗ്രി സർഫിക്കറ്റിന് വേണ്ടി അപേക്ഷിച്ച്-ഡിഗ്രി ഫലം പ്രസിദ്ധീകരിച്ച് 3 മാസത്തിനുളളിൽ ഒറിജിനൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് സർവ്വകലാശാല തയ്യാറാകണമെന്നും. അത്യാവശ്യമെങ്കിൽ അതിന് സ്റ്റാഫുകളെ പുനർ വിന്യസിച്ച് ബന്ധപ്പെട്ട സെക്ഷനുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്നും ഈ പ്രമേയത്തിലുടെ സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു.

5.95 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

5.96 ഫാസ്റ്റ് ട്രാക്കിലെ അപേക്ഷകൾക്ക് പോലും യഥാസമയത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നും കുട്ടികളെ യാതൊരു തരത്തിലും ബുദ്ധിമുട്ടിക്കരുതെന്നും

ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു. തപാൽ സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകൾ 1 മാസം കഴിഞ്ഞ് മാത്രമേ ബന്ധപ്പെട്ട സെക്ഷനിൽ എത്തുന്നുള്ളുവെന്ന് അഡ്വ. എം.കെ ഹസ്സൻ പറഞ്ഞു. ഫാസ്റ്റ് ട്രാക്ക് സംവിധാനം പണമുണ്ടാക്കാനുള്ള മാർഗ്ഗമായികൂടെന്ന് ഡോ. വിജയൻ കെ പറഞ്ഞു. ഡോ. പ്രസാദൻ പി.കെ, ശ്രീ. സാജു പി.ജെ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

5.97 ആറാമത്തെ സെമസ്റ്ററിൽ ഡിഗ്രി സർട്ടിഫിക്കറ്റിന് ഫീസ് കൂടി നൽകുന്നുണ്ടെന്നും പിന്നീട് പ്രത്യേക അപേക്ഷയുടെ ആവശ്യമില്ലെന്നും വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു. ഈ വിഷയം സിൻഡിക്കേറ്റ് പരിഗണിക്കട്ടേയെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

5.98 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.35

<u>Sri. SAJU P.J</u> moved the resolution

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശ പ്രകാരം വിരമിച്ച സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചിറക്കിയ ഉത്തരവിൽ പെൻഷൻ സർവ്വകലാശാലകളുടെ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ അതിനുള്ള സാമ്പത്തിക നില കണ്ണൂർ സർവ്വകലാശാലയിൽ ഇല്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ നൽകുന്നതു പോലെ സർവ്വകലാശാല ജീവനക്കാരുടെ പെൻഷനും സർക്കാർ വഹിക്കണമെന്നും, സർവ്വകലാശാല ജീവനക്കാരെ മറ്റു സർക്കാർ വകുപ്പുകളിലെ ജീവനക്കാരെപ്പോലെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്നും പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

5.99 ഡോ. ജോബി കെ ജോസ് പ്രമേയത്തെ പിന്താങ്ങി.

5.100 സർവ്വകലാശാല ഓട്ടോണമസ് ബോഡി ആയതിനാൽ ഇത്തരമൊരു തീരുമാനമെടുക്കുമ്പോൾ അതിന്റെ നിയമവശം പരിഗണിക്കണമെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ സർക്കാരിനെ അഡ്രസ്സ് ചെയ്യാമെന്നും പ്രമേയം പാസാക്കാമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

5.101 തുടർന്ന് പ്രമേയം സഭ അംഗീകരിച്ചു.

Resolution No.36

<u>Sri. VIJAYAKUMAR. V</u>.

റിസർച്ച് സെന്റർ അല്ലാത്ത പിജി ഡിപ്പാർട്ട്മെന്റിലെയും യുജി ഡിപ്പാർട്ട്മെന്റിലെയും അദ്ധ്യാപകർക്ക് ഗൈഡ്ഷിപ്പിന് അപേക്ഷിക്കുമ്പോൾ ഗവൺമെന്റ് കോളേജുകളിലെയും യൂണിവേഴ്സിറ്റി സെന്ററുകളെയും അംഗീകരിച്ച മറ്റ് എയ്ഡഡ് കോളേജുകളിലെ റിസർച്ച് സെന്ററുകളെയും സമീപിക്കുമ്പോൾ കൃത്യമായ മറുപടി നൽകാതെയും സ്വാധീനമനുസരിച്ച് അനുമതി നൽകുകയും ചെയ്യുന്നു. ഇത് ഗൈഡ്ഷിപ്പ് ലഭിക്കുന്നതിന് അദ്ധ്യാപകർക്ക് വളരെയേറെ തടസമായി നിൽക്കുന്നു. ഇതിനൊരു

പരിഹാരവുമായി യൂണിവേഴ്സിറ്റിയിൽ നിന്നും നേരിട്ട് സെന്റർ അനുവദിച്ച് കിട്ടാനുള്ള ഒരു സംവിധാനം എത്രയും പെട്ടെന്ന് ഉണ്ടാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.102 നേരത്തെ ഈ വിഷയം ചർച്ചയിൽ വന്നതിനാൽ പ്രമേയം പിൻവലിക്കുകയാണെന്ന് അവതാരകൻ അറിയിച്ചു.

Resolution No.37

Smt. LATHA. E.S.

The Senate resolves to publish the Examination schedule of the First and second semester Examinations of the UG and the PG students of the 2020 admission at the earliest.

5.103 ഈ വിഷയത്തിന് ഇപ്പോൾ പ്രസക്തിയില്ലാത്തതിനാൽ പ്രമേയം പിൻവലിക്കുകയാണെന്ന് ശ്രീമതി. ലത ഇ.എസ് അറിയിച്ചു.

Resolution No.38

Dr. R.K. BIJU moved the resolution.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പാൾ നിയമനം സർവ്വകലാശാല ആക്ടിലെ ഇനം നമ്പർ 62(3) പ്രകാരവും കൂടി അനുവദിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.104 റൂളിന് വിരുദ്ധമായതിനാൽ ഈ പ്രമേയം തള്ളിക്കളയുകയാണെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

Resolution No.39

Dr. MANJULA. K.V moved the resolution

കോവിഡ് സാഹചര്യത്തിൽ യാത്ര ചെയ്യുന്നതിൽ വളരെ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിലെ മൂല്യനിർണ്ണയ ക്യാമ്പുകൾ പുനസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.105 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

5.106 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.40

Sri. VIJAYAKUMAR. V.

സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിൽ റീസർച്ച് ഗൈഡ് മാരുടെ എണ്ണം വളരെ കുറവാണ്. രൂക്ഷമായ ഗൈഡുമാരുടെ ക്ഷാമം മൂലം പല വിഷയങ്ങളിലും ഗവേഷണം നടത്താൻ പറ്റാതിരിക്കുകയോ മറ്റ് സർവ്വകലാശാലകളെ ആശ്രയിക്കുകയോ വേണ്ടിയിരിക്കുന്നു. ഈയൊരു സാഹചര്യത്തിൽ ഗൈഡ്ഷിപ്പ് ലഭിക്കുന്നതിനുള്ള പ്രധാന നിബന്ധനകളിലൊന്നായ Post Doctoral Publication 2 എണ്ണം എന്നത് മാറ്റി പിഎച്ച്ഡിയുടെ കാലയളവിലുള്ള Publication എന്നാക്കി മാറ്റുകയും സർവ്വകലാശാലയ്ക്ക് സാധ്യമാകുന്ന മറ്റ് ഇളവുകൾ കൂടി നൽകി കൂടുതൽ പേർക്ക് ഗൈഡ്ഷിപ്പ് നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.107 നേരത്തെ ഈ വിഷയം ചർച്ച ചെയ്തതിനാൽ പ്രമേയം പിൻവലിക്കുകയാണെന്ന് ശ്രീ. വിജയകുമാർ വി സഭയെ അറിയിച്ചു.

Resolution No.41

Dr. JOBY K JOSE moved the resolution

സർവ്വകലാശാലകളുടെ മുഖമുദ്രയാണ് സർവ്വകലാശാലാ പഠന വകുപ്പുകൾ. ഈ പഠന വകുപ്പുകളിൽ നടക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളുടെ രേഖകളാണ് നാക്ക് പോലുള്ള ഏജൻസികളുടെ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രധാനമായും സമർപ്പിക്കേണ്ടി വരിക. ഇപ്രകാരമുള്ള രേഖകളുടെ ശരിയായ രീതിയിലുള്ള സംരക്ഷണം, വിദ്യാർത്ഥികളുടെ അഡ്മിഷൻ മുതൽ ട്രാൻസ്ഫർ സർട്ടിഫിക്കേറ്റ് നൽകുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ പരീക്ഷനടത്തിപ്പിന് ഗവേഷണ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവിധ ആവശ്യങ്ങൾക്കായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കൽ തുടങ്ങി വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങളാണ് സർവ്വകലാശാലാ പഠന വകുപ്പുകളുടെ ഓഫീസുകളിൽ നടക്കുന്നത്. ആയതിനാൽ സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും ഓഫീസ് സംവിധാനം നിലനിർത്തേണ്ടത് അത്യാവശ്യമാണ്. പല പഠന വകുപ്പുകളിലും താല്കാലിക ജീവനക്കാരാണ് അസിസ്റ്റന്റുമാരായി പഠന വകുപ്പുകളിൽ പ്രവർത്തിക്കുന്നത് ഇത് പഠന വകുപ്പുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ സ്ഥിരജീവനക്കാരെ നിയമിച്ചുകൊണ്ട് എല്ലാ പഠനവകുപ്പുകളും ശക്തിപ്പെടുത്താനുള്ള അടിയന്തര നടപടികൾ സർവ്വകലാശാല അധികാരികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ അഭ്യർത്ഥിക്കുന്നു.

5.108 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

5.109 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.42

Dr. SHANOJ M P.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താമസ സ്ഥലത്ത് നെറ്റ് സൗകര്യം ലഭ്യമല്ലാത്തത് പഠന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഫലപ്രാപ്തി കുറക്കുന്നു. എല്ലാ പ്രദേശത്തെ വിദ്യാർത്ഥികൾക്കും നെറ്റ്വർക്ക് സൗകര്യം ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

5.110 ഡോ. ഷനോജ് എം.പി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. സോന പി പ്രമേയം അവതരിപ്പിച്ചു.

5.111 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

5.112 പ്രമേയം സഭ അംഗീകരിച്ചു.

5.113 1.10 മണിക്ക് യോഗം പിരിഞ്ഞു.

sd/-
Vice Chancellor